NERVEEDHI
Volume - 15, Issue - 09, 10th September 2026, Monthly, Published at Kottayam
വാല്യം – 15, ലക്കം – 09, 10 സെപ്തംബർ 2026 – പ്രസിദ്ധീകരണം : കോട്ടയം

നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

കരുതലിന്റെ തെളിവുകൾ

പേജ് 20

Editorial

രഹസ്യമെങ്കിലും ദൈവം കണക്കിടുന്നു

ഐഹികജീവിതത്തിൽ നാം ചെയ്യുന്ന ഏതുകാര്യവും മനുഷ്യരുടെ മുമ്പിൽ പ്രസിദ്ധപ്പെടുത്താതെ സ്വർഗ്ഗസ്ഥനായ പിതാവ് മാത്രം കാണണം എന്ന ലക്ഷ്യത്തോടെയാണെങ്കിലേ നിത്യതയിൽ ദൈവത്തിൽ നിന്ന് പ്രതിഫലം ലഭിക്കുകയുള്ളൂ. അല്ലാത്തപക്ഷം മനുഷ്യന്റെ പ്രശംസയും പുകഴ്ചയും അംഗീകാരവും ഇവിടെ ലഭിക്കുമെങ്കിലും, അത് നിത്യതയിൽ പ്രാപിക്കുവാനുള്ള പ്രതിഫലം നഷ്ടപ്പെടുത്തും എന്ന ശക്തമായ മുന്നറിയിപ്പ് യേശുകർത്താവ് നൽകുന്നുണ്ട്. ദൈവത്തിൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാതെ മനുഷ്യരുടെ ബഹുമാനവും സൽപ്പേരും ലക്ഷ്യമാക്കി എന്തുചെയ്താലും അതിൽ മറഞ്ഞിരിക്കുന്ന അപകടം കാണാതെ പോകരുത്. അതായത് നിത്യതയിൽ പ്രതിഫലം നൽകുമെന്ന ദൈവിക വാഗ്ദാനം അങ്ങനെയുള്ളവർക്ക് വിശ്വസിക്കാൻ കഴിയുന്നുവോ എന്ന് സ്വയം പരിശോധിക്കുക. അവർക്ക് കർത്താവിൽ എങ്ങനെ വിശ്വസിപ്പാൻ കഴിയും എന്ന് യോഹന്നാൻ 5: 44 ൽ കാണുന്നു.

വീണ്ടെടുക്കപ്പെട്ടവർ സൽപ്രവൃത്തികൾ ചെയ്യുവാനായിട്ടാണ് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, ഇവയെല്ലാം ദൈവം മുൻകൂട്ടി തീരുമാനിച്ചതുമാണ് (എഫെസ്യർ 2:10). മറ്റാരെങ്കിലും ചെയ്യട്ടെ എന്ന ചിന്തയിൽ പുരോഹിതനും ലേവ്യനും അവശനായി വഴിയിൽ കിടന്നിരുന്നയാളെ ഒഴിവാക്കി കടന്നുപോയപ്പോൾ ശമര്യക്കാരൻ എന്താണ് ചെയ്തത്? അങ്ങനെയൊരാളെ കണ്ടാൽ സഹായിക്കുവാനുള്ള കരുതലോടെയല്ലായിരുന്നു പുറപ്പെട്ടത് എങ്കിലും എണ്ണയും വീഞ്ഞും പകർന്നു അയാളുടെ മുറിവ് വച്ചുകെട്ടുകയും വാഹനമൃഗത്തിൽ കയറ്റി വഴിയമ്പലത്തിൽ ആക്കുകയും ചെയ്തു. ആരും തന്റെ പ്രവൃത്തി കാണുന്നില്ല എന്നയാൾക്ക് ബോധ്യമുണ്ടായിരുന്നുവെങ്കിലും കരുതിയിരുന്ന സാധനങ്ങളും സമയവും ആരോഗ്യവും പണവും ചിലവഴിച്ച് വേണ്ടതു ചെയ്തു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കട്ടെ.

സൽപ്രവൃത്തികളും പ്രാർത്ഥനയും ഉപവാസവും, അങ്ങനെ കൃപയാൽ നാം ചെയ്യുന്നതെല്ലാം ദൈവപ്രസാദം മാത്രം ലക്ഷ്യം വച്ചുള്ളതാകണം എന്നാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ പ്രമേയം. മറ്റെല്ലാ ലേഖനങ്ങളും നമ്മുടെ ഹൃദയദൃഷ്ടികൾ പ്രകാശിപ്പിക്കുവാൻ സഹായകമാണ്. ആകയാൽ ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം എന്തെന്ന് ഗ്രഹിക്കുവാനും, പ്രായോഗികമാക്കുവാനും, സമയം തക്കത്തിലുപയോഗിക്കുവാനും എല്ലാവരെയും ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം സമർപ്പിച്ചുകൊള്ളുന്നു.

പുസ്തകം 15 ലക്കം 9
സെപ്തംബർ 2026

ഈ ലക്കത്തിൽ

പ്രതിഫലയോഗ്യമായ ജീവിതം 4
ജോയ് എം. തോമസ്

സ്നേഹത്തിൽ നിന്നുളവാകുന്ന യാഗം 7
സാജു മാത്യു

മോശെ ക്രിസ്തുവിന്റെ നിന്ദ തെരഞ്ഞെടുത്തത്... 9
ചെയ്സ് ജോസഫ്

രണ്ടാം മൈലിലേക്ക് 11
ഡോ. സി.റ്റി. ലൂയിസ്കുട്ടി

ആത്മീയപക്വതയിലേക്കുള്ള ചവിട്ടുപടികൾ 13
ഡേവിഡ് വിൽക്കേഴ്സൺ

രക്ഷകനെ അറിയുന്നവരും അറിയിക്കുന്നവരും 15
മനു എം.എം

കൗൺസലിംഗ് വീഥി 16
ഡോ. സുജിത്ത് സൈമൺ

ഞാൻ കണ്ട ബീഹാർ 18
അജി മാത്യു,

കരുതലിന്റെ തെളിവുകൾ 20
റിക്ക് വാറൻ

വനിതാവീഥി 22
ഷീല ദാസ്

വേദ അധ്യയനം 25
ജോയ് എം. തോമസ്

വാർത്താവീഥി 30

സമാപ്തിക്കുറിപ്പ് 31
എംസി

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്
എഡിറ്റർ
പി.വി വർഗീസ്
സബ് എഡിറ്റർ
അനി ചാക്കോ
കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ
പ്രിന്റർ & പബ്ലീഷർ
എം.റ്റി. ജയിംസ്
മാനേജർ
ഷാജി ഉമ്മൻ
അഡ്വൈസറി ബോർഡ്
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. സി.റ്റി. ലൂയിസ്കുട്ടി
ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 9495 435 336
Editor : 9495 213 269
E-mail: editornerveedhi@gmail.com

www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos

ജോയ് എം തോമസ്

പ്രതിഫലയോഗ്യമായ ജീവിതം

ജീവിതം വിജയകരമാകുന്നത് നിത്യതയിൽ പ്രതിഫലം പ്രാപിക്കുന്നതിന് യോഗ്യമായി നാം ജീവിക്കുന്നതിനാലാണ്. ദൈവത്തിന് പ്രസാദമുള്ള അഥവാ ദൈവഹിതത്തിൽ ഊന്നിയുള്ളതാണ് നിത്യതയിൽ പ്രതിഫലത്തിന് യോഗ്യമായ ജീവിതം. ജീവിതം എങ്ങനെ ആയിരിക്കണം എന്നുള്ള ദൈവഹിതത്തിന്റെ വെളിപ്പാടാണ് നമ്മുടെ കർത്താവ് ഗിരിപ്രഭാഷണത്തിൽ നൽകുന്നത്.

മത്തായിയുടെ സുവിശേഷം ആറാം അധ്യായത്തിൽ പ്രതിഫലയോഗ്യമായ മൂന്നു കാര്യങ്ങളെക്കുറിച്ച് കർത്താവ് നമ്മെ ഉപദേശിക്കുന്നു. ദരിദ്രരെ സഹായിക്കുക, പ്രാർത്ഥിക്കുക, ഉപവസിക്കുക, എന്നിവ ആത്മികജീവിതത്തിലെ മൂല്യമേറിയ കാര്യങ്ങളാണ്. പ്രാർത്ഥനയും ഉപവാസവും ദാനധർമ്മങ്ങളും എല്ലാ മതവിശ്വാസത്തിലും ഭക്തിയുടെ മാർഗ്ഗമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു. കൊർന്നല്യോസിനെക്കുറിച്ച് നാം ഇങ്ങനെ വായിക്കുന്നു: 'അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടുംകൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിന് വളരെ ധർമ്മം കൊടുത്തും, എപ്പോഴും ദൈവത്തോട് പ്രാർത്ഥിച്ചും പോന്നു' (അപ്പൊസ്തല പ്രവൃത്തികൾ 10:2)

ആത്മീയജീവിതത്തിൽ മൂല്യം ഏറിയ ഈ മൂന്നു കാര്യങ്ങളും തെറ്റായ ലക്ഷ്യത്തോടെയും മനോഭാവത്തോടെയും ചെയ്താൽ അതിന്റെ മൂല്യം നഷ്ടപ്പെട്ടുപോകും. അതുകൊണ്ട് 'സൂക്ഷിപ്പിൻ' എന്ന പ്രബോധനവും മുന്നറിയിപ്പും കർത്താവ് നൽകുന്നു. 'മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിക്കാൻ സൂക്ഷിപ്പിൻ. അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലം ഇല്ല' (മത്തായി 6:1)

നാം ചെയ്യുന്ന നല്ല കാര്യങ്ങൾ നാലുപേർ അറിയണം എന്ന ചിന്തയും ആഗ്രഹവുമാണ് എല്ലാവർക്കും ഉള്ളത്. മറ്റുള്ളവരുടെ അംഗീകാരവും പ്രശംസയും ആണ് മിക്കവരുടെയും ലക്ഷ്യം. മറ്റുള്ളവർ പുകഴ്ത്തുന്നത് ഇഷ്ടപ്പെടുന്ന നാം, തന്നത്താൻ പുകഴ്ത്തുന്നവരും ഉയർത്തുന്നവരും ആണ്. ഇത് പാപം നമ്മിൽ രൂപപ്പെടുത്തിയ മലിനമായ ചിന്തയും ആഗ്രഹവുമാണ് എന്നത് നാം ബോധപൂർവ്വം തിരിച്ചറിയണം. ഈ സ്വാർത്ഥചിന്താഗതിക്ക് അടിമപ്പെടാതിരിക്കേണ്ടതിന് നമ്മെത്തന്നെ സൂക്ഷിക്കുവാൻ കർത്താവ് നമ്മോട് കൽപ്പിച്ചിരിക്കുന്നു.

'സൂക്ഷിപ്പിൻ' എന്ന കർത്താവിന്റെ കൽപ്പന അവഗണിച്ചാൽ കപടഭക്തിക്കാരായി നാമും മാറും. പേരിനും പ്രസിദ്ധിക്കുമുള്ള ആഗ്രഹത്തോടെ ചിന്തിക്കുകയും പ്ര

വർത്തിക്കുകയും ചെയ്യുമ്പോൾ ആത്മീയജീവിതം കളങ്കപ്പെടും. സ്വർഗ്ഗത്തിന് അയോഗ്യരായി തീരുന്ന അവസ്ഥയാണ് അതിനാൽ സംജാതമാകുന്നത്. 'സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലം ഇല്ല' എന്നു കർത്താവ് മുന്നറിയിപ്പ് നൽകുന്നു. ഇത് നാം എത്ര ഗൗരവമായി കാണണം.

കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'ആകയാൽ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'(മത്തായി 6:2). എത്ര വ്യക്തമായ കൽപ്പനയാണ് ഇത്. ഭിക്ഷ കൊടുക്കുന്നത് അഥവാ ദരിദ്രർക്ക് കൊടുക്കുന്നത് നിസ്വാർത്ഥം ആയിരിക്കണം. വലങ്കൈ ചെയ്യുന്നത് അതേ ശരീരത്തിലുള്ള ഇടങ്കൈ പോലും അറിയരുത്. സഹായം ചെയ്യുന്നതിന് ഒരു രഹസ്യസ്വഭാവം ഉണ്ടായിരിക്കണം. സഹായിച്ച വ്യക്തി താൻ ചെയ്ത കാര്യം തന്റെ ഓർമ്മയിൽ സൂക്ഷിക്കാതെ വിട്ടുകളയണം. അത്ര നിസ്വാർത്ഥം ആയിട്ടായിരിക്കണം സഹായിക്കേണ്ടത്. അത് ദൈവം കുറിച്ചുവെക്കും. സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കും.

സഹായം സ്വീകരിച്ച വ്യക്തി തനിക്ക് ലഭിച്ച സഹായം മറക്കാതെ ദൈവത്തോടും മനുഷ്യരോടും നന്ദിയുള്ളവൻ ആയിരിക്കണം. എന്നാൽ നാം കണ്ടുവരുന്നത് മറിച്ചാണ്. സഹായം ലഭിച്ചവർ അത് മറക്കുകയും നന്ദികേട് കാണിക്കുകയും ചെയ്യുന്നു. സഹായിച്ചത് അബദ്ധമായിപോയി എന്ന് സഹായിച്ചവർ ചിന്തിച്ചുപോകും. സഹായിച്ച പലരും അവർ ചെയ്തതിന്റെ പൊങ്ങച്ചം പറഞ്ഞു കൊണ്ടേയിരിക്കും. എത്രയും അധികം ആളുകൾ അത് അറിയണം എന്നാണ് അവർ ആഗ്രഹിക്കുന്നത്. പരീശന്മാർ അന്ന് ചെയ്തതുപോലെ പരസ്യപ്പെടുത്തി ആളുകളെ വിളിച്ചുകൂട്ടി സഹായം നൽകുന്നതിനാണ് ലോകം വില കൽപ്പിക്കുന്നത്. ആത്മികർ അപ്രകാരം ആയിരിക്കരുത് എന്ന് കർത്താവ് ഓർമ്മിപ്പിക്കുന്നു. മറ്റുള്ളവരുടെ പ്രശംസയും അംഗീകാരവും ആഗ്രഹിച്ച് ചെയ്യുന്നവരെ എല്ലാവരും പ്രശംസിക്കുകയും പുകഴ്ത്തുകയും ചെയ്തു കഴിയുമ്പോൾ അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. മറ്റുള്ളവരുടെ അംഗീകാരവും പ്രശംസയും ലഭിക്കുവാൻ ലക്ഷ്യമാക്കി ചെയ്ത പ്രവൃത്തികൾ എത്ര ഭോഷത്വം ആയിരുന്നു എന്ന് നിത്യതയിൽ തിരിച്ചറിയും. ചെയ്ത കാര്യം ശരിയായിരുന്നു. അതെ, നല്ല പ്രവൃത്തി തന്നെ ആയിരുന്നു. പക്ഷേ ലക്ഷ്യം തെറ്റിപ്പോയതിനാൽ അസാധുവായിരിക്കുന്നു, നിത്യതയുടെ വെളിച്ചത്തിൽ!

പ്രാർത്ഥന ഏറ്റവും അത്യാവശ്യമായതാണ്. പ്രാർത്ഥനയുടെ ആത്മാവ് ദൈവവുമായുള്ള ആത്മബന്ധമാണ്. പ്രാർത്ഥനയ്ക്കും രഹസ്യസ്വഭാവമുണ്ട്. അത് സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള സംഭാഷണമാണ്. പ്രാർത്ഥനയുടെ ആത്മാവ് നഷ്ടപ്പെട്ടാൽ പ്രാർത്ഥന വെറും ജല്പനം ആകും. പ്രാർത്ഥന, മറ്റുള്ളവരെ ബോധിപ്പിക്കുന്നതിനാകുമ്പോൾ കപടഭക്തരായി നാം തീരുകയാണ്. ഈ കെണിയിൽ ഇന്ന് അനേകർ വീണുപോയി എന്നത് ഖേദകരമാണ്. പലരും ആരാധനകളിൽ സംബന്ധിക്കുന്നത് മനുഷ്യരെ കാണിക്കുവാൻ വേണ്ടി മാത്രമാണ്. ദൈവവുമായി ആത്മബന്ധം ഇല്ലെങ്കിലും നല്ല വാക്കുകൾ പറഞ്ഞ് പരസ്യമായി പ്രാർത്ഥിക്കുന്നത് പലർക്കും ഹരമാണ്. കേൾവിക്കാർ നല്ല പ്രാർത്ഥന ആയിരുന്നു എന്ന് പറഞ്ഞുകേൾക്കുവാനാണ് അവരുടെ ആഗ്രഹം. പ്രാർത്ഥനാമനുഷ്യൻ എന്ന അംഗീകാരം കിട്ടുവാനും...

കർത്താവ് തേടുന്നത് മുറിയിൽ കടന്ന് വാതിൽ അടച്ച് തന്നോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്ന, തന്റെ സാന്നിധ്യത്തിനായി കൊതിക്കുന്ന, പ്രാർത്ഥനാമനുഷ്യരെയാണ്. അവർക്ക് കർത്താവിനോട് ആത്മബന്ധമുണ്ട്. അവർ ദൈവസന്നിധിയിൽ ഹൃദയം പകരുന്നവരാണ്. കർത്താവ് തന്റെ ഹൃദയം അവരുമായി പങ്കിടുന്നു. ദൈവഹിതം തിരിച്ചറിഞ്ഞ് പ്രാർത്ഥിക്കുവാൻ അവർക്ക് കഴിയുന്നു. അപ്രകാരമുള്ള പ്രാർത്ഥനാജീവിതം ദൈവം ഇഷ്ടപ്പെടുന്നു. സ്വർഗ്ഗത്തിൽ അവർക്കായി പ്രതിഫലം കാത്തിരിക്കുന്നു. നാം നമ്മെത്തന്നെ ശോധന ചെയ്യേണ്ട ഒരു അത്യാവശ്യ മേഖലയാണ് ഇത്. നമ്മുടെ പ്രാർത്ഥനാജീവിതം എങ്ങനെ ഉണ്ട്? നാം എന്ത് പ്രാർത്ഥിക്കുന്നു? എങ്ങനെ പ്രാർത്ഥിക്കുന്നു? എന്തിന് പ്രാർത്ഥിക്കുന്നു? പ്രാർത്ഥനാജീവിതത്തെ ദൈവഹിതപ്രകാരം ക്രമപ്പെടുത്തുവാൻ നമുക്ക് കഴിയട്ടെ. 'നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ

കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും'(മത്തായി 6:6).

ഉപവസിച്ച് പ്രാർത്ഥിക്കുക എന്നത് നമ്മുടെ ആത്മീയജീവിതത്തിന്റെ ശക്തിയാണ്. പക്ഷേ, ലക്ഷ്യം തെറ്റി ഉപവസിച്ചാൽ അത് ആത്മീയതയെ നശിപ്പിക്കുന്ന ശക്തിയായി തീരും. വെറും കപടഭക്തിയുടെ പ്രകടനം മാത്രമായിരിക്കും. ഇന്ന് ഉപവാസപ്രാർത്ഥനകൾക്ക് കുറവില്ല. എന്നാൽ ഉപവാസപ്രാർത്ഥനകൾ ദൈവത്തിന് പ്രസാദകരമാകുന്നുവോ എന്ന ചോദ്യം ബാക്കിനിൽക്കുന്നു. കർത്താവ് കപടഭക്തർ എന്ന് വിളിക്കുന്ന പരീശന്മാരും ശാസ്ത്രിമാരും, തങ്ങൾ ഉപവസിക്കുന്നവർ എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ ആഗ്രഹിച്ചവരായിരുന്നു. മതനേതൃത്വത്തിൽ ഇരുന്ന അവർക്ക് 'ഭക്തർ' എന്ന് അംഗീകാരം ആവശ്യമായിരുന്നു. ജനങ്ങളുടെ കണ്ണിൽ പൊടി ഇടുവാനുള്ള അവരുടെ ഒരു കുതന്ത്രം. ഇന്ന് ആത്മീയഗോളത്തിൽ ഇതിന്റെ ആവർത്തനം കാണുവാൻ കഴിയും. ഇപ്രകാരം ചെയ്യുന്നത് എത്ര ഭോഷത്വം ആണെന്നുള്ളത് നിത്യതയിൽ ആയിരിക്കും തിരിച്ചറിയുക.

കർത്താവ് നമ്മെ ഉപദേശിക്കുന്നു: 'നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിനു വിളങ്ങേണ്ടതിനു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നല്കും'(മത്തായി 6 :17,18). നമ്മുടെ ഉപവാസം സ്വർഗ്ഗസ്ഥപിതാവ് കാണണം. അവിടുന്ന് പ്രസാദിക്കണം. ഹൃദയത്തെ തൂക്കി നോക്കിയാണ് അവിടുന്ന് നമ്മുടെ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും മാർക്കിടുന്നത്. ആത്മാർത്ഥതയോടെ ദൈവസന്നിധിയിൽ തങ്ങളെത്തന്നെ 'താഴ്ത്തുന്നതിനു' ഉപവസിച്ചു പ്രാർത്ഥിക്കുന്നവരെ കർത്താവ് കാണുന്നു. അവർ അവരുടെ മുഖം വിരൂപമാക്കി ഉപവസിക്കുന്നു എന്നു വരുത്തി തീർക്കേണ്ടതില്ല. ഉപവാസത്തിന് യാതൊരു പരസ്യവും ആവശ്യമില്ല. മറിച്ച്, ഉപവസിക്കുന്നത് മനുഷ്യർ അറിയുവാനും അവർ ആഗ്രഹിക്കുന്നില്ല. അവരുടെ ഉപവാസത്തിന് ഒരു രഹസ്യസ്വഭാവമുണ്ട്. ദൈവം മാത്രം കാണുവാൻ ആഗ്രഹിച്ചുള്ള ഉപവാസം. അതിന് സ്വർഗ്ഗത്തിൽ പ്രതിഫലം ഉണ്ട്.

നമ്മുടെ ചെറിയ ആയുസ്സ് നാം എങ്ങനെയെങ്കിലും ജീവിച്ചാൽ പോരാ. ദൈവം ആഗ്രഹിക്കുന്നതുപോലെ ജീവിക്കുന്നതിനാലാണ് ദൈവപ്രസാദമുള്ള ജീവിതം ആകുന്നത്. നിത്യത ലക്ഷ്യമാക്കിയുള്ള യാത്രയാണ് അത്. രഹസ്യത്തിൽ കാണുന്ന പിതാവിനെക്കുറിച്ചുള്ള അറിവ് ഈ ജീവിതത്തിന്റെ കെട്ടുറപ്പാണ്. ദൈവം പ്രസാദിക്കണമെന്ന ചിന്ത നമുക്ക് 'ദിശാബോധം' നൽകുന്നു. ദൈവഹിതം ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂർത്തിയാക്കുക എന്നതായിരിക്കട്ടെ ഏക ആഗ്രഹം. അപ്രകാരം ജീവിക്കുമ്പോൾ നമ്മുടെ ജീവിതം സ്വർഗ്ഗത്തിലെ പ്രതിഫലത്തിന് യോഗ്യമായിത്തീരുന്നു. •

ദൈവത്തിന്റെ അംഗീകാരത്തിലേക്കുള്ള വഴി

മനുഷ്യരുടെ കണ്ണിൽപ്പെടാതെ നടക്കുന്ന ചില കാര്യങ്ങളുണ്ട്. ആരും അറിയാതെ ദൈവമുമ്പാകെ ഒഴുക്കുന്ന കണ്ണുനീർ, ആരും കേൾക്കാതെ നടത്തുന്ന പ്രാർത്ഥന, ആരും ശ്രദ്ധിക്കാതെ ചെയ്യുന്ന കാരുണ്യപ്രവൃത്തികൾ, പ്രശംസ പ്രതീക്ഷിക്കാതെ ചെയ്യുന്ന സേവനം, ഇവയെല്ലാം മനുഷ്യരുടെ കണക്കിലും കണ്ണിലും പെടാതെ പോയേക്കാം. എന്നാൽ അവയൊന്നും ദൈവത്തിന്റെ ദൃഷ്ടിയിൽ മറഞ്ഞിരിക്കുന്നില്ല. മനുഷ്യർ നമ്മെ കാണണം, നമ്മുടെ പ്രയത്നം ശ്രദ്ധിക്കണം, ത്യാഗത്തെ അംഗീകരിക്കണം, സേവനത്തെ പ്രശംസിക്കണം എന്നൊക്കെയുള്ള ആഗ്രഹം മാനുഷികമാണ്. ആരും അറിയാതെ മറ്റൊരാളുടെ ആവശ്യത്തിനായി പ്രാർത്ഥിക്കുന്നവരെയും സ്വന്തം വേദന മറച്ചുവെച്ച് മറ്റൊരാളെ ആശ്വസിപ്പിക്കുന്നവരെയും പ്രശംസ പ്രതീക്ഷിക്കാതെ കർത്താവിനുവേണ്ടി ചെയ്യുന്ന ഏതൊരു സേവനത്തെയും ദൈവം കാണുന്നു. രഹസ്യത്തിലുള്ള പ്രാർത്ഥനയാണ് പരസ്യജീവിതത്തിലെ ശക്തിയുടെ ഉറവിടം. രഹസ്യജീവിതത്തിലുള്ള വിശ്വസ്തതയാണ് ദൈവത്തിന്റെ അംഗീകാരത്തിലേക്കും നിത്യതയിലെ പ്രതിഫലത്തിലേക്കുമുള്ള മാർഗ്ഗം.

സ്നേഹത്തിൽ നിന്നുളവാകുന്ന യാഗം

സാജു മാത്യു

ഇതാ ഞാൻ നിന്നോടു കൂടെയുണ്ട്; നീ പോകുന്നിടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേക്കു നിന്നെ മടക്കി വരുത്തും; ഞാൻ നിന്നെ കൈവിടാതെ, നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും (ഉല്പത്തി 28:15)

കുഞ്ഞുങ്ങൾ പിതാക്കന്മാരുടെ കൈ പിടിച്ച് റോഡിലൂടെ നടന്നു പോകുന്ന കാഴ്ച നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അപ്പോൾ പിതാവ് നടക്കുന്നത് അദ്ദേഹത്തിന്റെ വേഗതയിലായിരിക്കില്ല! കുഞ്ഞിന്റെ വേഗതയിൽ. പതിയെ നടന്നു നീങ്ങുന്ന പിതാവിന്റെ കയ്യിൽ മുറുകെ പിടിച്ചുകൊണ്ട് പിതാവിനോടൊപ്പം മുന്നേറുന്ന കുഞ്ഞിന്റെ കാഴ്ച്ച തീർച്ചയായും ചേതോഹരമാണ്! എന്നാൽ കുഞ്ഞുങ്ങൾ എപ്പോഴും അത്ര അനുസരണം കാണിക്കണമെന്നില്ല! ചിലപ്പോഴൊക്കെ കുഞ്ഞുങ്ങൾ പിതാവിന്റെ കയ്യിൽ നിന്ന് കൈവിടുവിച്ച് തനിയെ നടക്കാൻ വ്യഗ്രത കാട്ടുന്നു. അപ്പോൾ പിതാവ് കുഞ്ഞിന്റെ കയ്യിൽ ബലമായി പിടിച്ച് കുഞ്ഞിനെ മുന്നോട്ടു വലിച്ചു കൊണ്ടു പോകുന്നു! കുഞ്ഞ്, നേരത്തെ പിതാവിന്റെ കൈകളിലായിരുന്നു മുറുകെ പിടിച്ചിരുന്നത്. ഇപ്പോൾ പിതാവ്, കുഞ്ഞിന്റെ കൈ ബലമായി പിടിച്ചിരിക്കുകയാണ്!

ഇതിനെക്കാൾ പരിതാപകരമായ മറ്റൊരു കാഴ്ച ചിലപ്പോൾ നമുക്ക് കാണേണ്ടി വരും. അത്, കുഞ്ഞ്, പിതാവിന്റെ കൈ ബലമായി പിടിച്ച് പിതാവിനെ അവന്റെ വഴിയിൽ നടത്തിക്കുന്നതാണ്! ചിലപ്പോഴൊക്കെ പിതാവ് ഇങ്ങനെ 'മകന്റെ വഴിയിൽ അവന്റെ പുറകെ ചെന്നെന്നിരിക്കും! അത് പിതാവിന്റെ ബലഹീനതയല്ല, പിതാവിന്റെ സ്നേഹവും കരുണയുമാണ്! സ്വന്തവഴിയിൽ ഓടിപ്പോകുന്ന മകൻ വല്ല അപകടത്തിലും ചെന്നു ചാടാതിരിക്കാനുള്ള മുൻകരുതൽ!

നമ്മുടെ വേദഭാഗത്ത്, പിതാവിനെ സ്വന്തവഴിയിൽ വലിച്ചുകൊണ്ടുപോകുന്ന ഒരു മകനെപ്പോലെ യാക്കോബ് ഒരു പ്രഖ്യാപനം നടത്തുന്നുണ്ട്. 'ദൈവം എന്നോടു കൂടെ ഇരിക്കുകയും ഞാൻ പോകുന്ന ഈ വഴിയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്കു തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കിവരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്കു ദൈവമായിരിക്കും!'(ഉല്പത്തി 28: 20,21)

ദൈവം എന്നെ കൊണ്ടുപോകുന്ന വഴിയിൽ... എന്നല്ല യാക്കോബ് പറയുന്നത്; പ്രത്യുത, ഞാൻ പോകുന്ന ഈ വഴിയിൽ! വഴി എന്റേതാണ്, പോകുന്നത് ഞാനാണ്! എന്തു കഷ്ടം! ഞാൻ ദൈവത്തോടുകൂടെ ഇരിക്കും എന്നല്ല, ദൈവം എന്നോടുകൂടെയിരിക്കണം എന്നാണ് യാക്കോബിന്റെ ഡിമാന്റ്! ആധുനിക ആത്മികതയുടെ ഒരു നേർചിത്രമല്ലെ ഈ അദ്ധ്യായത്തിൽ യാക്കോബ്? 'ബേർ-ശേബ'യിൽ നിന്ന് ഹാരാൻ വഴിയായി പദ്ദൻ അരാമിലേക്കുള്ള യാത്രയിലാണ് (ഉല്പത്തി 28: 7,10) യാക്കോബ് ഇപ്പോൾ! ഇടയ്ക്ക് അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു! അവൻ അവിടെ രാപാർത്തു; ആ സ്ഥലത്തെ കല്ലുകളിൽ ഒന്ന് എടുത്ത് തലയിണയായി വെച്ച് അവിടെ കിടന്നുറങ്ങി! (ഉല്പത്തി 28:11)

വേദപുസ്തക എഴുത്തുകൾ ദൃശ്യയാഥാർത്ഥ്യങ്ങളായിരിക്കുമ്പോൾ തന്നെ അതിന്റെ ശൈലികളിൽ ചില ആത്മിക യാഥാർത്ഥ്യങ്ങളും ഒളിഞ്ഞു കിടപ്പുണ്ടാകും! ഇവിടെ യാക്കോബ് വിട്ടുപോകുന്നസ്ഥലം 'ബേർശേബ'യാണ്. പോകുന്നത് ഹാരാനിലേക്കും! അബ്രഹാം വിട്ടുപോന്നത് ഹാരാൻ ആണെന്നോർക്കണം (ഉല്പത്തി 12:5)! പിതാക്കന്മാർ വിട്ടുപോന്നിടത്തേക്കാണ്

മക്കൾ മടങ്ങിപ്പോകുന്നത്...എന്നിട്ടു പ്രാർഥിക്കുന്നത് 'എന്റെ വഴിയിൽ നീ കൂടെയിരിക്കണം' എന്ന്! 'ബേർ-ശേബയ്ക്കുമുണ്ട് പ്രത്യേകത... ആ വാക്കിന്റെ അക്ഷരിക അർത്ഥം 'ഏഴിന്റെ കിണർ' എന്നാണ് 'ശേബ' എന്നാൽ ഏഴ്! ഏഴ് പൂർണ്ണതയുടെ അടയാളമായി അനുഗ്രഹമായി കണക്കാക്കപ്പെടുന്നു... അതിനാൽ ഇത് അനുഗ്രഹത്തിന്റെ കിണറുമാകാം. എന്നാൽ 'ഉടമ്പടിയുടെ കിണർ' (ഉല്പത്തി 21:31) എന്നാണ് ഇത് അറിയപ്പെടുന്നത്. അബ്രഹാമും അബിമെലെക്കും തമ്മിൽ ഉടമ്പടി ചെയ്ത സ്ഥലമാണിത്. ഉടമ്പടിയിൽ ഇരുകൂട്ടരും ഉടമ്പടി വാചകം ഏഴുപ്രാവശ്യം ഉരുവിടുക പതിവായിരുന്നു!

ഉടമ്പടിയുടെയും അനുഗ്രഹത്തിന്റെയും നാട്ടിൽ നിന്ന് യാക്കോബ് മടങ്ങിപ്പോവുകയാണ്! അവന്റെ അപ്പൻ പറഞ്ഞു വിട്ടിട്ടല്ലേ (ഉല്പത്തി 28: 5) എന്ന മറുചോദ്യമുണ്ടാകാം. ഇവിടെ യിസഹാക്കും കുറ്റക്കാരനാണ്! യിസഹാക്കിന്റെ ജീവിതത്തിൽ അവന് വിവാഹപ്രായമായപ്പോൾ അബ്രഹാം എന്താണു ചെയ്തത്? ഉല്പത്തി 24 ൽ ആ വിവരണം ഉണ്ട്! അബ്രഹാം എലയാസറിനെ വിളിച്ച് കനാന്യ സ്ത്രീകളിൽ നിന്ന് തന്റെ മകന് ഭാര്യയെ എടുക്കരുതെന്നും പദ്ദൻ-ആരാമിൽ അവന്റെ ചാർച്ചക്കാരിൽ നിന്നു മാത്രം ഭാര്യയെ എടുക്കണമെന്നും സത്യം ചെയ്യിച്ചു. ദാസൻ അബ്രഹാമിനോട് ഒരുപക്ഷേ സ്ത്രീക്ക് കനാൻ നാട്ടിലേക്കു വരാൻ മനസ്സില്ലെങ്കിലോ; ഞാൻ യിസഹാക്കിനെ നീ വിട്ടുപോന്ന ദേശത്തേക്ക് മടക്കിക്കൊണ്ടു പോയാലോ എന്നു ചോദിച്ചു. എന്തായിരുന്നു അബ്രഹാമിന്റെ മറുപടി?

'സ്ത്രീക്കു നിന്നോടുകൂടെ പോരുവാൻ മനസ്സില്ലെങ്കിൽ നീ ഈ സത്യത്തിൽ നിന്ന് ഒഴിഞ്ഞിരിക്കും. എന്നാൽ എന്റെ മകനെ അവിടേക്കു മടക്കിക്കൊണ്ടു പോവുക മാത്രം അരുത്!' (ഉല്പത്തി 24:1-9)... നോക്കൂ, വിട്ടുപോന്നതിലേക്ക് തങ്ങളുടെ മക്കൾ പോലും മടങ്ങിപ്പോകാതിരിക്കാൻ അബ്രഹാം കാട്ടിയ തീക്ഷ്ണ എത്ര വലുതായിരുന്നുവെന്ന്! ഇവിടെ യിസഹാക്ക് മകനെ പദ്ദൻ അരാമിലേക്കു പറഞ്ഞു വിട്ടത് ദൈവഹിതമനുസരിച്ചായിരുന്നുവെന്നു നമുക്ക് എങ്ങനെ പറയാൻ കഴിയും? തീർച്ചയായും അത് കണ്ണു മങ്ങിയ യിസഹാക്കിനു പറ്റിയ ഒരു വീഴ്ച തന്നെ!

അപ്പോൾ പദ്ദൻ അരാമിലേക്കുള്ള യാക്കോബിന്റെ മടങ്ങിപ്പോക്ക് ദൈവത്തിന്റെ പൂർണ്ണഹിതത്തിനനുസരിച്ചുള്ളതല്ല എന്നുതന്നെ വേണം കരുതാൻ! അതു കൊണ്ടെന്ത്? അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അവന്റെമേൽ അസ്തമിച്ചു (The sun set upon him). ഇനി അവന് ഇതുവരെയുള്ള പ്രകാശത്തിൽ ജീവിക്കാൻ കഴിയില്ല.. അവന് പുതിയ പ്രകാശം വേണം... ഇതുവരെ അവൻ പിതാവിന്റെ ദൈവീക ഉടമ്പടിയുടെ ചുവടു പിടിച്ചു നടന്നു... ഇനി അവൻ ദൈവവുമായി ഉടമ്പടി ചെയ്യണം! പിതാക്കന്മാരുടെ ഉടമ്പടിയുടെ തണലിൽ കഴിയുന്ന ഒരു തലമുറയാണ് ഇന്നു നമുക്കു ചുറ്റും! പിതാക്കന്മാരാകട്ടെ, ഇസഹാക്കിനെപ്പോലെ കണ്ണുമങ്ങിയവരും! മക്കൾ കനാൻ നാട്ടിൽ കഴിയണമെന്നു മാത്രമല്ല അവരുടെ ആഗ്രഹം! തങ്ങളുടെ പിതാക്കന്മാർ എവിടം വിട്ടിട്ടുപോന്നുവോ അവിടേക്കു മക്കളെ പറഞ്ഞു വിടാനാണ് അവർ മോഹിക്കുന്നത്! തങ്ങളുടെ പിതാക്കന്മാർ എന്തു നഷ്ടപ്പെടുത്തിയോ, അത് തങ്ങളുടെ മക്കൾ തിരിച്ചു പിടിക്കണമെന്നും! എത്ര കഷ്ടം!

കുഞ്ഞുങ്ങളെ, നിങ്ങളാണു പാഠം പഠിക്കേണ്ടത്. പഴയ ഉടമ്പടിയുടെ പഴംപുരാണങ്ങൾ പറയുന്നത് നിർത്തുക! 'ഞങ്ങളുടെ അപ്പച്ചനെ ദൈവം ഹാരാനിൽ നിന്ന് വിളിച്ചിറക്കി...എന്നു തുടങ്ങുന്ന സാക്ഷ്യങ്ങൾ അവസാനിപ്പിക്കുക... എന്താണു നിങ്ങളുടെ സാക്ഷ്യം? എവിടെയാണ് നിങ്ങളുടെ ഉടമ്പടിയുടെ പ്രകാശനം? 'അപ്പച്ചന്റെ ഉടമ്പടിക്കഥ' വിട്ടുകളയുക... എന്താണ് നിങ്ങൾക്ക് യേശുവുമായുള്ള ബന്ധം? എപ്പോഴാണ് നിങ്ങൾക്ക് ദൈവദർശനമുണ്ടായത്?

ബേർ-ശേബയിൽ നിന്ന് യാക്കോബ് തന്റെ പിന്മാറ്റയാത്ര തുടങ്ങി... കുറെ സമയത്തേക്ക് വീണ്ടും അവനു 'പ്രകാശ'ത്തിൽ നടക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ 'ഒരു സ്ഥലത്ത്' എത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു... എല്ലാത്തിനും ഒരു പരിധിയുണ്ട് എന്നത് നാം മറന്നുകൂടാ... ചിലർ ചിന്തിക്കുന്നതും പറയുന്നതും പഠിപ്പിക്കുന്നതും ദൈവം സ്നേഹവാനാണ്, അതിനാൽ നമുക്ക് എത്ര പാപം വേണമെങ്കിലും ചെയ്യാം. ദൈവകൃപ പാപം ചെയ്യുന്നതിനുനസരിച്ച് നമ്മിലേക്ക് ഒഴുകിക്കൊണ്ടിരിക്കും എന്നാണ്! ദൈവസ്നേഹത്തിനു പരിധിയില്ല എന്നതു സത്യമാണ്. ആ സ്നേഹം നമ്മിലേക്കു പ്രവഹിക്കണമെങ്കിൽ നാം ഉടമ്പടി ലോകത്ത് നമ്മെത്തന്നെ സൂക്ഷിക്കണം...

'നാം നിത്യജീവനെ പ്രാപിക്കേണ്ടതിന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണ

ശേഷം പേജ് 29 ▶

ചെയ്സ് ജോസഫ്

മോശെ ക്രിസ്തുവിന്റെ നിന്ദ തെരഞ്ഞെടുത്തത്...

എബ്രായർ 11: 23 മുതൽ 29 വരെ

അത് തികച്ചും ഒരു അത്ഭുതമാണ്. മോശെയ്ക്ക് യേശുക്രിസ്തുവിനെ കുറിച്ചുള്ള വെളിപ്പാട് ലഭിച്ചിരുന്നോ? പൂർണ്ണമായ ഒരു വെളിപ്പാട് ലഭിച്ചു എന്ന് ഒരിക്കലും പറയാൻ സാധിക്കുകയില്ല. എന്നാൽ ക്രിസ്തുവിന്റെ വഴി വിശ്വാസത്താൽ മോശെ കണ്ടു. അത് നിന്ദ നിറഞ്ഞതും ലോകത്തെ ത്യജിക്കുന്നതും ആയിരുന്നു. വിശ്വാസത്താൽ ജീവിക്കുന്ന എല്ലാവരുടെയും മുമ്പിൽ രണ്ടു വഴികൾ ഉണ്ട്. ഒന്ന് ലോകത്തിൽ പദവിയും സമ്പത്തും ലഭിക്കുന്ന വഴി, മറ്റൊന്ന് ക്രിസ്തു നമുക്ക് തെളിയിച്ചു തരുന്ന ജീവന്റെ വഴി. വലിയ ജനക്കൂട്ടം പോകുന്നത് എപ്പോഴും ലോകത്തിന്റെ വിശാലമായ വഴിയിലാണ്. വിശാലവഴിയിലൂടെ ജനക്കൂട്ടത്തെ കടത്തി വിടുവാൻ അനേകം കള്ളയിടയന്മാർ ഉണ്ടുതാനും. എബ്രായർ 11 ൽ കൊടുത്തിരിക്കുന്ന വിശ്വാസവീരന്മാരുടെ പട്ടികയിലുള്ള എല്ലാവരും, ജീവിതത്തെ ക്രിസ്തുവെന്ന വഴിയിലൂടെ കൊണ്ടുപോയവരാണ്. അതിനായി എന്തു നിന്ദയും, മരണവും, കഷ്ടതയും അനുഭവിക്കുവാൻ അവർ തയ്യാറായിരുന്നു. എങ്ങനെയാണ് അവർക്ക് അത് സാധിച്ചത്? 'പ്രതിഫലം നോക്കിയതുകൊണ്ട്' എന്നാണ് ലേഖനകർത്താവ് പറയുന്നത്. എന്താണ് ഈ പ്രതിഫലം? ഈ ലോകത്തുള്ള എന്തും നഷ്ടപ്പെടുത്താൻ നമുക്ക് സാധിക്കുന്ന അത്രമഹത്തായ നിത്യമായ പ്രതിഫലം. നിധി മറഞ്ഞിരിക്കുന്ന വയലുപോലെ!

മോശെയെപ്പോലെ പഴയനിയമ വിശുദ്ധന്മാരെല്ലാം അദൃശ്യമെങ്കിലും ഈ നിത്യമായ പ്രതിഫലത്തെ വിശ്വാസത്താൽ കണ്ടവരായിരുന്നു. ഇത് എങ്ങനെയാണ് അവർക്ക് കാണാൻ കഴിഞ്ഞത്? രണ്ടാം വാക്യത്തിൽ നാം വായിച്ചത് ഒന്നുമില്ലായ്മയിൽ നിന്ന് ദൈവം സകലത്തെയും സൃഷ്ടിച്ചതുപോലെ, നമ്മിൽ വിശ്വാസത്തെ ഉളവാക്കുകയായിരുന്നു എന്നാണ്. ഇവിടെ അത്ഭുതകരമായ കാര്യം, ക്രിസ്തു ഈ ഭൂമിയിൽ ആ നിന്ദയിലൂടെ കടന്നുപോകുന്നതിനു മുമ്പുതന്നെ മോശെ, ക്രിസ്തുവിന്റെ നിന്ദ തെരഞ്ഞെടുത്തിരുന്നു. വിശുദ്ധർ ആരും തങ്ങളുടെ പ്രാണനെ വിലയേറിയതായി എണ്ണിയില്ല. അങ്ങനെ നോക്കുമ്പോൾ പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള എല്ലാ വിശുദ്ധന്മാരും വിശ്വാസത്താലുള്ള നീതിയും അവകാശവുമാണ് പ്രാപിക്കുന്നത്. അതിൽ യഹൂദനെന്നോ യഹൂദേതരൻ എന്നോയില്ല. എല്ലാവർക്കും എന്നെന്നേക്കുമായി ഒരേ സുവിശേഷം തന്നെയാണ് പ്രസംഗിക്കപ്പെട്ടി

രിക്കുന്നത്.അതായത് വിശ്വാസത്താലുള്ള നീതീകരണം. അബ്രഹാമും മോശെയും മറ്റു പൂർവ്വപിതാക്കന്മാരും അനുസരിച്ചുപോന്ന അതേ വിശ്വാസവഴിയാണ് കർത്താവ് നമുക്കും വെച്ചിരിക്കുന്നത്. അതുകൊണ്ടാണ് അവരെ സാക്ഷികളുടെ വലിയൊരു സമൂഹം എന്ന് വിശേഷിപ്പിക്കുന്നത്.

നാം വേർതിരിച്ചു പഠിക്കേണ്ടത്:

എന്നാൽ ഈ അധ്യായം നമ്മെ പഠിപ്പിക്കുന്നത് വ്യക്തികളെയാണ് വേർതിരിച്ച് പഠിക്കേണ്ടത് എന്നാണ്. അനുസരണക്കേടിനാൽ അനേകർ നശിച്ചു പോയ കാര്യം മൂന്നാം അധ്യായത്തിൽ നാം കണ്ടതാണ്. എന്തുകൊണ്ടാണ് അവർ അനുസരണമില്ലാത്തവരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടത്? കാരണം അവർ വിശ്വാസത്തിലൂടെയുള്ള ഒരു സ്വസ്ഥത പ്രാപിച്ചിരുന്നില്ല. ദൈവം, ശബ്ബത്ത് അതായത് സ്വസ്ഥത പ്രഖ്യാപിക്കുമ്പോഴും, മിസ്രയീമ്യ അടിമത്തത്തിൽ നിന്ന് കനാനിലേക്ക് അവരെ കൊണ്ടുപോകുമ്പോഴും, ദൈവം അവർക്ക് സ്വസ്ഥത നൽകാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അനുസരണക്കേടിൽ വീണുപോയവർക്ക് ആ സ്വസ്ഥത ലഭിച്ചില്ല. അപ്പോൾ പഴയനിയമ കാലഘട്ടത്തിലും അതായത് കർത്താവിന്റെ വരവിന് മുമ്പും രണ്ടുവിധം ആളുകളുണ്ട്. യഥാർത്ഥ വേർതിരിവ് അതാണ്. പ്രവൃത്തികളാൽ നിയമത്തിന് അടിമപ്പെടുന്നവരും സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിടുവിക്കപ്പെട്ടവരും! റോമാലേഖനം 8: 2 ൽ പറയുന്നു, ജീവന്റെ ആത്മാവിന്റെ പ്രമാണം നമുക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. മിസ്രയീമിൽ നിന്ന് പുറപ്പെട്ടു വന്നവരിൽ പലരും നശിച്ചുപോയി എന്നത് നമുക്ക് ദൃഷ്ടാന്തമായി വെച്ചിരിക്കുന്നു. അതായത് പാപത്തിന്റെ പ്രമാണം മരണത്തിന്റെ പ്രമാണം തന്നെയാണ്. എന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണത്തിൽ നടന്നവർ ക്രിസ്തുയേശുവിനുള്ളവർ ആയതുകൊണ്ട് അവർക്ക് ഒരു ശിക്ഷാവിധിയുമില്ല. ഹാബേൽ മുതൽ നാം ചിന്തിക്കുമ്പോൾ വിശ്വാസത്താൽ നടന്നവരും അവിശ്വാസത്താൽ നശിച്ചു പോയവരും ഉണ്ട്. അന്നുമുതൽ ഇന്നുവരെയും ഈ രണ്ടു കൂട്ടരേയും വേർതിരിക്കുന്നത് വിശ്വാസമാണ്. അന്നും ഇന്നും വിശ്വസിക്കുന്നവർ മാത്രം രക്ഷപ്പെടുന്നു. പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്താൽ നീതീകരണം ആഗ്രഹിക്കുന്നവരെല്ലാം ഏതെങ്കിലും ഒരു പാപത്തിൽ അകപ്പെട്ട് അതിന്റെ ശിക്ഷാവിധിയായ മരണം സ്വീകരിക്കുന്നു.

നിത്യതയുടെ തേജസിൽ യേശുക്രിസ്തുവിനോടൊപ്പം, മോശെയും ഉണ്ടായിരുന്നുവെന്നു മറുരൂപമലയിലെ തേജസ്കരണം തെളിവാക്കുന്നു. വിശ്വാസത്താൽ ജീവിച്ചവർ ആരും ഒരുകാലത്തും ലജ്ജിച്ചു പോവുകയില്ല.

നമുക്ക് ചുറ്റും നോക്കുമ്പോൾ ഇതിന് വളരെയധികം ദൃഷ്ടാന്തങ്ങൾ കാണുന്നുണ്ട്. ചെറിയ കാര്യങ്ങളിൽ വളരെ സൂക്ഷ്മമായി അനുസരിക്കുന്ന പലരും, വലിയ കാര്യങ്ങളിൽ തെറ്റിപ്പോകുന്നു. വിശുദ്ധരായിരിക്കാൻ, ഈ ലോകമോഹങ്ങളെ ത്യജിച്ച് ആഭരണം ഉപേക്ഷിക്കുന്നവർക്കു ആഡംബരങ്ങൾ ഉപേക്ഷിക്കാൻ പറ്റുന്നില്ല എന്ന വൈരുധ്യം കാണുന്നു. ഒന്നിൽ ജയിക്കുമ്പോൾ മറ്റൊന്നിൽ തോൽക്കുന്നു. ഒരുവൻ ന്യായപ്രമാണം അനുസരിക്കാൻ ആരംഭിച്ചാൽ അത് മുഴുവൻ പൂർത്തിയാക്കുവാൻ ബാധ്യസ്ഥനാണ് (ഗലാത്യർ 5:3). ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിലൂടെ നീതിമാന്മാർ ആകാൻ ആഗ്രഹിക്കുന്നവർക്ക് ക്രിസ്തുവിൽ പങ്കാളിത്തം ഇല്ല. മോശെയുടെ ജീവിതം നാം ശ്രദ്ധിക്കുമ്പോൾ കാണുന്നത് ആത്മീയ ഗുണങ്ങൾ വിശ്വാസത്താൽ അനുഭവിക്കുന്ന ഒരു വ്യക്തിയായിട്ടാണ്. താൻ തെറ്റ് ചെയ്തപ്പോൾ ദൈവത്തിൽ നിന്നുള്ള ശിക്ഷണം സന്തോഷത്തോടെ സ്വീകരിച്ചു. കനാനിൽ പ്രവേശിച്ചില്ല എങ്കിലും മോശെ നശിച്ചുപോയില്ല. നിത്യതയുടെ തേജസിൽ യേശുക്രിസ്തുവിനോടൊപ്പം, മോശെയും ഉണ്ടായിരുന്നുവെന്നു മറുരൂപമലയിലെ തേജസ്കരണം തെളിവാക്കുന്നു. വിശ്വാസത്താൽ ജീവിച്ചവർ ആരും ഒരുകാലത്തും ലജ്ജിച്ചു പോവുകയില്ല. എബ്രായലേഖനം എഴുതപ്പെട്ടതിന്റെ പ്രധാന ഉദ്ദേശ്യം ആചാരങ്ങളിലൂടെ രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരും വിശ്വാസത്താൽ നടന്ന് നീതിയെ പ്രാപിക്കുന്നവരും തമ്മിലുള്ള വ്യത്യാസം നമ്മെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ്. •

ഡോ. സി. റ്റി. ലൂയിസ്കുട്ടി

രണ്ടാം മൈലിലേക്ക്

(ലേഖകൻ എഴുതിയ പരീശപുത്രൻ എന്ന നോവലിലെ ആശയങ്ങൾ ഉൾക്കൊള്ളുന്നു.)

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ആ മരച്ചുവട്ടിൽ കുറെസമയംകൂടി നിശബ്ദനായി റോമൻ പടയാളി ഇരുന്നു. അഭിമാനം അനുവദിക്കാതെ ചോദിക്കണമോ വേണ്ടയോ എന്ന് തേങ്ങിയെങ്കിലും അവനോട് ചോദിച്ചു കാര്യങ്ങൾ മനസ്സിലാക്കുവാൻ തന്നെ അയാൾ തീരുമാനിച്ചു. അദ്ദേഹം പരീശ പുത്രനോട് ചോദിച്ചു: 'നീ യേശുവിനെ ആണല്ലോ അനുഗമിക്കുന്നത്. മറ്റ് ഗുരുക്കന്മാരെ പ്പോലെ യേശുവും ശ്രേഷ്ഠമായ ഉപദേശങ്ങൾ പ്രസംഗിക്കുക മാത്രമേ ചെയ്തുള്ളൂവോ? അതോ, അദ്ദേഹം രണ്ടാം മൈലിൽ സഞ്ചരിച്ച് മാതൃക കാണിച്ചിട്ടുണ്ടോ?'

ആ ചോദ്യം പരീശപുത്രന്റെ മനസ്സിൽ അതിശയവും ആഹ്ലാദവും ജനിപ്പിച്ചു. കാരണം യേശുവിനെപ്പറ്റി അറിയുവാനുള്ള താല്പര്യം ആണല്ലോ ഇയാൾ പ്രകടിപ്പിക്കുന്നത്! ഹൃദ യത്തിൽ പ്രാർത്ഥിച്ചുകൊണ്ട് അവൻ തുടർന്നു: 'സർ, ലോകം ഇതുവരെ കണ്ടിട്ടുള്ള സക ല ഗുരുക്കന്മാരിൽ നിന്നും തികച്ചും വ്യത്യസ്തനാണ് എന്റെ യേശു. അവിടുന്ന് മനുഷ്യജ ന്മം എടുത്ത ദൈവമാണ്. രക്ഷയിലേക്കുള്ള വഴി മനുഷ്യനെ കാണിച്ചുകൊടുക്കുക മാത്രമ ല്ല, അവരുടെ രക്ഷയ്ക്കായി സ്വയം യാഗമായി അർപ്പിച്ചവനും ആണ്. മനുഷ്യൻ നല്ലവനാ യി ജീവിക്കണമെന്ന് പഠിപ്പിക്കുക മാത്രമല്ല, ഉത്തമ മാതൃക കാണിച്ചുകൊണ്ട് അതിനായു ള്ള വഴി ഒരുക്കി കൊടുക്കുകയും ചെയ്തു' പടയാളി വളരെ ശ്രദ്ധയോടെ കേൾക്കുന്നു എ ന്നത് അവന് വലിയ സന്തോഷമായി. അവൻ തുടർന്നു: 'സർ, എന്നെ രൂപാന്തരപ്പെടുത്തിയ യേശുകർത്താവിനെ പറ്റി സംസാരിക്കുമ്പോൾ ഞാൻ ആവേശഭരിതനായേക്കാം. അതും അങ്ങയെപ്പോലുള്ള ഒരു ഉയർന്ന ആളിനോട്, യേശു ദൈവമായി പ്രവർത്തിച്ചത് ഒന്നാം മൈലിലെ അനുഭവമായി ഞാൻ കണക്കാക്കുന്നു. എന്നാൽ അവിടുന്ന് മനുഷ്യരൂപം എടു ത്ത് ഈ ഭൂമിയിൽ പ്രവർത്തിച്ചത് രണ്ടാം മൈലിലെ യാത്രയായിരുന്നു.' പടയാളി പ്രതിക രിച്ചു: 'നീ എന്താണ് ഉദ്ദേശിക്കുന്നത്? എനിക്ക് ഇതൊക്കെ പുതിയ അറിവുകളാണ്. കൂടുതൽ വ്യക്തമാക്കാമോ?

പരീശപുത്രൻ തുടർന്നു: 'പാപം മോചിക്കുക എന്നത് ദൈവത്തിന്റെ മാത്രം അധികാര ത്തിൽ പെട്ട കാര്യമാണ്. യേശു അത് ചെയ്തത് ഒന്നാം മൈലിലെ ശുശ്രൂഷയാണ്. എന്നാൽ സകല മനുഷ്യരുടെയും പാപത്തിന്റെ മോചനത്തിനായി പാപപരിഹാരയാഗ മായി ക്രൂശിൽ ശിക്ഷ ഏറ്റെടുത്തത് രണ്ടാം മൈലിലെ യാത്രയാണ്.'

'സകല മനുഷ്യരുടെയുമോ? റോമാക്കാരുടെയുമോ? പട്ടാളക്കാരുടെയുമോ?' ഉദ്വേഗത്തോ ടെ പടയാളി സംശയം ഉന്നയിച്ചു. അവൻ തുടർന്നു: 'അതെ, സകല മനുഷ്യരുടെയും. യേശു വിൽ വിശ്വസിക്കുകയും അനുതാപത്തോടെ തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് യേശുവിനെ

സ്വന്തജീവിതത്തിലേക്ക് കൈക്കൊള്ളുകയും ചെയ്യുന്ന ഏതൊരു പാപിയുടെയും... യേശു തന്നിൽ വിശ്വസിച്ചവർക്ക് വേണ്ടി അത്ഭുതങ്ങൾ ചെയ്തത് ഒന്നാം മൈലിലെ യാത്രയെങ്കിൽ, കഷ്ടങ്ങളിൽ വേദനപ്പെടുന്നവരോട് താദാത്മ്യപ്പെട്ട് മനസ്സലിവ് കാണിച്ചത് രണ്ടാം മൈലിലെ യാത്ര. ഒന്നാംമൈലിൽ യേശു രോഗികളെ സൗഖ്യമാക്കി, രണ്ടാം മൈലിലോ രോഗം ശീലിച്ചവനായി. കർത്താവും യജമാനനും ആയി അധികാരമുള്ളവൻ, ദാസവേഷത്തിൽ ശിഷ്യന്മാരുടെ കാലുകൾ കഴുകി തുടച്ചു. പാപമില്ലാത്തവൻ മാനവജാതിയുടെ പാപം സ്വമനസ്സാൽ തന്റെ മേൽ വഹിച്ചു. എന്റെ കർത്താവ് മറ്റുള്ളവരുടെ ശാപം നീക്കിയത് ഒന്നാം മൈലാണെങ്കിൽ, സ്വയം ശാപം ആയതും ശപിക്കപ്പെട്ടവൻ ആയതും രണ്ടാം മൈലിലാണ്.'

പടയാളിയെ ശ്രദ്ധിച്ചപ്പോൾ താൻ പറയുന്ന വാക്കുകൾ അയാളുടെ ഉള്ളിലേക്ക് കടന്നു ചെല്ലുന്നു എന്ന ബോധ്യം അവനെ ഉത്സുകൻ ആക്കി. 'ദൈവം അഭിഷേകം ചെയ്തവനായിരുന്നു യേശു എങ്കിലും അവിടുന്ന് ശപിക്കപ്പെട്ടവൻ എന്ന പോലെയാണ് ഗോല്ഗോഥാ മലയിലെ മരക്കുരിശിൽ തൂങ്ങിക്കിടന്നത്. എന്റെ പാപം പോക്കുവാനും ശാപം നീക്കുവാനുമായി അവിടുന്ന് നീണ്ട മണിക്കൂറുകൾ അങ്ങനെ കിടന്നത് എനിക്കുവേണ്ടിയുള്ള രണ്ടാം മൈലിലെ യാത്രയായിരുന്നു'. ഇടറിയ ശബ്ദത്തോടെ അവൻ തുടർന്നു: 'ഇടയൻ എന്ന നിലയിൽ ആടുകളെ പരിപാലിക്കുന്നത് ദൈവത്തിന്റെ കടമയായി കാണാം. എന്നാൽ ലോകത്തിന്റെ പാപം വഹിച്ചുകൊണ്ട് ബലിപീഠത്തിൽ അർപ്പിക്കപ്പെട്ട കുഞ്ഞാടും, ആടുകൾക്ക് വേണ്ടി തന്റെ ജീവനെ നൽകുന്ന ഇടയനും ആയത് രണ്ടാംമൈലിൽ നിർവ്വഹിച്ച ത്യാഗമാണ്.'

യഹൂദപശ്ചാത്തലം നന്നായി അറിയാത്ത പടയാളിക്ക് അവൻ പറഞ്ഞത് മുഴുവൻ ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. എങ്കിലും അവർണ്ണനീയമായ എന്തോ ഒരു ഇടപെടൽ തന്റെ ഉള്ളിൽ പടയാളി അനുഭവിച്ചു. പരീശപുത്രനെ നന്നായി ശ്രദ്ധിച്ചിരുന്ന പടയാളിക്ക്, അവൻ പറയുന്നത് സ്വന്തം ബോധ്യത്തിൽ നിന്നാണ് എന്നും, അല്ലാതെ കേട്ടറിഞ്ഞ കാര്യങ്ങൾ അല്ല എന്നും ഉറപ്പായി. ഇതൊക്കെ കേൾക്കുമ്പോൾ പടയാളിയുടെ കഠിനഹൃദയം അല്പാല്പമായി ഉരുകുന്നത് ആ മുഖത്ത് പ്രതിഫലിക്കുന്നുണ്ടായിരുന്നു. തുടർന്നും സംസാരിക്കുവാൻ പടയാളി അവനെ പ്രോത്സാഹിപ്പിച്ചു. അവൻ തുടർന്നു: 'ഒന്നാം മൈലിൽ യേശു, ദൈവത്തിന്റെ അഭിഷിക്തനായിരുന്നു എങ്കിൽ രണ്ടാംമൈലിൽ പാപികളാൽ തൃജിക്കപ്പെട്ടു, യഹൂദന്മാരുടെ രാജാവ് സ്വന്തജനത്തിന് സ്വീകാര്യനല്ലാതായി നിന്ദിക്കപ്പെട്ടു. അവരുടെ കയ്യാൽ പീഡകൾ സഹിച്ചു. ഒന്നാം മൈലിലെ യേശു സർവ്വശക്തനാണ്. രണ്ടാംമൈലിൽ താൻ പടയാളികളുടെ അടിയേറ്റു. ഒന്നാം മൈലിൽ ഹോശന്ന എന്ന സ്തുതിയുടെ ആർപ്പുവിളിക്ക് യോഗ്യനായി. എന്നാൽ രണ്ടാം മൈലിൽ അവനെ ക്രൂശിക്കുക എന്ന് ജനം ആക്രോശിക്കുന്ന ശബ്ദം യേശുവിന്റെ ചെവികളിൽ പതിച്ചു. ഒന്നാം മൈലിലെ യേശു കടലിന്മേൽ നടന്നു. രണ്ടാംമൈലിൽ കാൽവറിയിലേക്ക് നടന്നപ്പോൾ നിലത്ത് തളർന്നുവീണു. മറുരൂപമലയിൽ തേജസ്കരിക്കപ്പെട്ടപ്പോൾ, 'ഇവൻ എന്റെ പ്രിയ പുത്രൻ ഇവന് ചെവി കൊടുപ്പിൻ എന്നു പ്രഖ്യാപിച്ചതിലൂടെ പിതാവായ ദൈവം തന്റെ അംഗീകാരം വെളിപ്പെടുത്തി. ഗത:സമന തോട്ടത്തിൽ അതിവേദന അനുഭവിച്ചപ്പോൾ ഉണർന്നിരിക്കുവാൻ തന്റെ ശിഷ്യന്മാർക്ക് പോലും കഴിഞ്ഞില്ല. അവിടുത്തെ ദീനരോദനത്തിനു മുമ്പിൽ പിതാവു പോലും ചെവി അടച്ചുവോ എന്ന തോന്നൽ ഉണ്ടായി. കാൽവറിയിലെ കഷ്ടാനുഭവത്തിൽ ഏകനായി ക്രൂശിൽ തൂങ്ങി. നീതിമാനായവനെ നീചനായി കണക്കാക്കി, കള്ളന്മാരുടെ നടുവിൽ ക്രൂശിച്ചു. ഈ യേശുവാണ് രണ്ടാംമൈലിൽ നടക്കുന്നതിന് എനിക്ക് മാതൃക' ഒരു ദീർഘശ്വാസത്തോടെ അവൻ പറഞ്ഞു നിർത്തി.

അപ്പോൾ പടയാളിയിൽ നിന്ന് ഒരു നെടുവീർപ്പ് ഉയർന്നു. അയാൾ ചോദിച്ചു, യേശു രണ്ടാം മൈലിൽ സഞ്ചരിച്ചതിന്റെ ഗുണം റോമൻ പടയാളിയായ എനിക്കും ലഭിക്കുമോ? നല്ല ഉറപ്പോടും സന്തോഷത്തോടും കൂടെ പരീശപുത്രൻ മറുപടി നൽകി: 'തീർച്ചയായും, വിശ്വസിക്കുന്ന ഏവനും നിത്യജീവൻ നൽകുന്നതിനായിട്ടാണ് യേശു മരിച്ചത്. അതിൽ നാമെല്ലാവരും ഉൾപ്പെടുന്നു'. 'നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യണം?' പടയാളി ചോദിച്ചു. 'സർ, നമ്മുടെ കർമ്മങ്ങളിലൂടെ അല്ല നാം നിത്യജീവനെ അവകാശമാക്കുന്നത്. പ്രകൃതിയാൽ നാമെല്ലാവരും പാപസ്വ

ശേഷം പേജ് 24 ▶

ഡേവിഡ് വിൽക്കേഴ്സൺ

ആത്മീയപക്വതയിലേക്കുള്ള ചവിട്ടുപടികൾ

മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ പോരാട്ടങ്ങൾ പലപ്പോഴും പുറത്തല്ല, ഉള്ളിലാണ് നടക്കുന്നത്. ലോകത്തിന്റെ എതിർപ്പുകളെയും സാഹചര്യസമ്മർദ്ദങ്ങളെയും അപേക്ഷിച്ച്, അന്ത:രംഗത്തിലെ പോരാട്ടമാണ് ഏറ്റവും കഠിനം. ക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിച്ച ഓരോ വിശ്വാസിയും ഈ യാഥാർഥ്യം അനുഭവിച്ചിട്ടുണ്ടാകും. ദൈവകൃപയാൽ, ഉപേക്ഷിച്ചുവെന്ന് കരുതിയിരുന്ന പഴയ സ്വഭാവങ്ങളും ജഡികപ്രവണതകളും വീണ്ടും തലപൊക്കുമ്പോൾ, ആത്മീയജീവിതം എത്രമാത്രം നിരന്തര ജാഗ്രത ആവശ്യപ്പെടുന്നുവെന്ന് നാം മനസ്സിലാക്കുന്നു. എന്നാൽ ഇവിടെത്തന്നെയാണ് സുവിശേഷത്തിന്റെ ഏറ്റവും വലിയ പ്രത്യാശ തെളിയുന്നത്. നമ്മുടെ ബലഹീനതകളിൽ നമ്മെ ഉപേക്ഷിക്കാതെ, സത്യത്തിലേക്ക് നയിച്ച് വീണ്ടും എഴുന്നേൽപ്പിക്കുകയും ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് രൂപപ്പെടുത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവാണ് നമ്മിൽ വസിക്കുന്നത്. അവിടുന്ന് കുറ്റം ചുമത്തുന്നവനല്ല; പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുകയും, വീണവനെ കൈപിടിച്ച് ഉയർത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കാൻ പഠിക്കുന്ന ജീവിതമാണ് യഥാർഥ വിജയജീവിതം.

ഈ സത്യം എന്റെ ജീവിതത്തിലെ വളരെ ഹൃദയസ്പർശിയായ ഒരു അനുഭവത്തിലൂടെ വിവരിക്കാം. ഒരു സന്ദർഭത്തിൽ, നമ്മോട് ഏറ്റവും അടുത്ത ബന്ധമുള്ളവരോടുപോലും സ്നേഹത്തോടും ക്ഷമയോടും സൗമ്യതയോടും പെരുമാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രസംഗിക്കുകയായിരുന്നു. പ്രത്യേകിച്ച്, എളുപ്പത്തിൽ പ്രകോപിതനാകുന്ന മനോഭാവം ഒരു ചെറിയ സ്വഭാവദൗർബല്യമല്ലെന്നും, അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ദു:ഖിപ്പിക്കുകയും ആത്മീയജീവിതത്തെ ക്രമേണ ദുർബലപ്പെടുത്തുകയും ചെയ്യുന്ന അപകടകരമായ മനോഭാവമാണെന്നും ഊന്നിപ്പറഞ്ഞു. എന്നാൽ ആ സന്ദേശം സഭയ്ക്കുവേണ്ടി മാത്രം ദൈവം നൽകിയതല്ല. ആദ്യം അത് എന്റെ ഹൃദയത്തോടാണ് പരിശുദ്ധാത്മാവ് സംസാരിച്ചതെന്ന് സമ്മതിക്കുന്നു.

ആ ബോധ്യപ്പെടുത്തലിനെ നിസ്സാരമായി കണ്ടില്ല. ദൈവസന്നിധിയിൽ മുട്ടുകുത്തി എന്റെ ഹൃദയം പരിശോധിച്ചു, മാനസാന്തരപ്പെട്ടു. പ്രാർത്ഥനയിലും ദൈവമുഖാന്വേഷണത്തിലും സമയം ചെലവഴിച്ചു. ദൈവം എന്റെ ഉള്ളിൽ പ്രവർത്തിക്കുന്നതായി നല്ല ബോധ്യമുണ്ടായി. ആ ബലഹീനതയ്ക്കുമേൽ വിജയം ലഭിച്ചുവെന്ന ആത്മവിശ്വാസവും എനിക്കുണ്ടായി. എന്നാൽ ഏതാനും ദിവസങ്ങൾക്കുശേഷം ഒരു അടുത്ത സുഹൃത്തുമായുണ്ടായ ഫോൺസംഭാഷണമദ്ധ്യേ എന്റെ ഉള്ളിൽ വീണ്ടും കോപവും അമർഷവും നിരാശയും ഉയർന്നുവന്നു. നിമിഷങ്ങൾക്കുള്ളിൽ മനസ്സിന്റെ സമാധാനം നഷ്ടപ്പെട്ടു. കർത്താവിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പോലും കഴിഞ്ഞില്ല. അസ്വസ്ഥതയ്ക്ക് കാരണം ആ സുഹൃത്താണെന്നും, അവനെ ഉപയോഗിച്ച് പിശാച് ആക്രമിക്കുകയാണെന്നും ഞാൻ കരുതി.

പക്ഷേ, അപ്പോൾ വീണ്ടും പരിശുദ്ധാത്മാവിന്റെ മൃദുവായ ശബ്ദം ഹൃദയത്തിൽ മുഴങ്ങി: 'ഡേവിഡ്, നീ നിന്റെ ജഡസ്വഭാവത്തെ പോഷിപ്പിക്കുകയാണ്. മുൻകാല മുറിവുകളും നിരാശകളും ഇന്നും നിന്നെ നിയന്ത്രിക്കാൻ നീ അനുവദിക്കുന്നു. ഈ മനോഭാവം അപകടകരമാണ്.' ആ വാക്കുകൾ എന്നെ ആഴത്തിൽ തകർത്തു. അപ്പോഴാണ് യഥാർത്ഥ പ്രശ്നം ഞാൻ തിരിച്ചറിഞ്ഞത്. സുഹൃത്തല്ല പ്രശ്നം, സംഭാഷണമല്ല പ്രശ്നം, ഹൃദയത്തിൽ വീണ്ടും പഴയ സ്വഭാവത്തിന് ഇടം നൽകിയതാണ് യഥാർത്ഥ പരാജയം. എന്റെ അസമാധാനത്തിനു ഞാൻ തന്നെയാണ് കാരണക്കാരനെന്നു തിരിച്ചറിഞ്ഞ നിമിഷം.

ഇതാണ് പലപ്പോഴും നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്. സമാധാനം നഷ്ടപ്പെടുമ്പോൾ അതിന്റെ കാരണം മറ്റുള്ളവരാണെന്ന് നാം കരുതുന്നു. സാഹചര്യങ്ങളെയാണ് കുറ്റപ്പെടുത്തുന്നത്. എന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ കണ്ണുകൾ നമ്മുടെ അന്തരംഗത്തിലേക്കാണ് തിരിക്കുന്നത്. യഥാർത്ഥ യുദ്ധം പുറത്തല്ല, നമ്മുടെ ഹൃദയത്തിലാണ്. അപ്പൊസ്തലനായ പൗലോസ് എഴുതുന്നു: 'കോപിച്ചാലും പാപം ചെയ്യരുത്; നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കരുത്; പിശാചിന് ഇടം കൊടുക്കുകയും അരുത്. (എഫെസ്യർ 4:26,27). പിശാച് നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്നത് എല്ലായ്പ്പോഴും വലിയ പാപങ്ങളിലൂടെയല്ല. ചിലപ്പോൾ ക്ഷമിക്കാത്ത മനോഭാവത്തിലൂടെയും, അടക്കിവെച്ച കോപത്തിലൂടെയും, ചെറിയ അഹങ്കാരത്തിലൂടെയും, ന്യായീകരിക്കപ്പെടാത്ത നിരാശകളിലൂടെയുംഅവൻ ഇടം കണ്ടെത്തുന്നു. നാം നിസ്സാരമെന്ന് കരുതുന്നത് പലപ്പോഴും വലിയ ആത്മീയ തകർച്ചയുടെ തുടക്കമാകുന്നു. ഞാൻ വീണ്ടും ദൈവസന്നിധിയിലേക്ക് മടങ്ങി. തകർന്ന ഹൃദയത്തോടെ പ്രാർത്ഥിച്ചു: 'കർത്താവേ, ഞാൻ ഒരിക്കലും പഠിക്കില്ലേ? ഈ സന്ദേശം അങ്ങ് എനിക്കു തന്നു; ഞാൻ അത് അനേകരോട് പ്രസംഗിക്കുകയും ചെയ്തു. എന്നിട്ടും ഈ മേഖലയിൽ ഞാൻ പൂർണ്ണമായി വിജയിച്ചിട്ടില്ലല്ലോ? എനിക്ക് യേശുവിനെപ്പോലെ ആകണം. അങ്ങയുടെ സാദൃശ്യത്തോട് അനുരൂപനാകുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു.

ഈ പ്രാർത്ഥനയാണ് യഥാർത്ഥ ആത്മീയപക്വതയുടെ അടയാളം. സ്വന്തം ബലഹീനത തിരിച്ചറിയുന്നവരാണ് ദൈവകൃപ ഏറ്റവും ആഴത്തിൽ അനുഭവിക്കുന്നത്. ആത്മീയജീവിതത്തിലെ ഏറ്റവും അപകടകരമായ അവസ്ഥ വീഴുന്നതല്ല; 'ഞാൻ ഇനി ഒരിക്കലും വീഴില്ല' എന്ന അമിതവിശ്വാസമാണ്.

പരിശുദ്ധാത്മാവ് നമ്മെ തിരുത്തുമ്പോൾ അതിൽ സ്നേഹമുണ്ട്. അവിടുന്ന് നമ്മുടെ തെറ്റുകൾ വെളിപ്പെടുത്തുന്നത് ലജ്ജിപ്പിക്കാനല്ല; സ്വതന്ത്രരാക്കാനാണ്. അവിടുത്തെ ശാസന ശിക്ഷയല്ല; യഥാ:സ്ഥാപനത്തിലേക്കുള്ള ക്ഷണമാണ്. ക്രിസ്തീയജീവിതം പരിശുദ്ധാത്മാവിനോടൊപ്പം നടക്കേണ്ട ഒരു യാത്രയാണ്. ഇന്നലെയുടെ വിജയം ഇന്നത്തെ വിജയത്തിന് ഉറപ്പല്ല. ഓരോ ദിവസവും ഹൃദയം ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കപ്പെടണം, ചിന്തകളും പ്രതികരണങ്ങളും ഉദ്ദേശ്യങ്ങളും പരിശുദ്ധാത്മാവിന് സമർപ്പിക്കപ്പെടണം. അപ്പോഴാണ് നാം മനസ്സിലാക്കുന്നത് ആത്മീയവിജയം എന്നത് ഒരിക്കലും വീഴാതിരിക്കുന്നതല്ല; വീഴുമ്പോഴെല്ലാം പരിശുദ്ധാത്മാവിന്റെ ശബ്ദം കേട്ട് വീണ്ടും എഴുന്നേൽക്കുന്നതാണ്. പരാജയം നമ്മുടെ ജീവിതത്തിന്റെ അവസാനവാക്കല്ല; മാനസാന്തരമാണ് അവസാനവാക്ക്.

'നിങ്ങളിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാൾവരെ അതിനെ തികയ്ക്കും (ഫിലിപ്യർ 1:6). ഈ വാഗ്ദാനമാണ് ഓരോ വിശ്വാസിയുടെയും പ്രത്യാശ. ദൈവം ആരംഭിച്ച പ്രവൃത്തി അവിടുന്ന് പാതിവഴിയിൽ ഉപേക്ഷിക്കുകയില്ല. അവിടുന്ന് ക്ഷമയോടെ നമ്മെ പഠിപ്പിക്കുന്നു. ആശ്വാസവും ആലോചനയും തന്ന് ലക്ഷ്യത്തിലേക്ക് നടത്തുന്നു, ഒടുവിൽ ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് നമ്മെ രൂപപ്പെടുത്തുന്നു. അതുകൊണ്ട്, പരിശുദ്ധാത്മാവിന്റെ മൃദുസ്വരം കേൾക്കാൻ പഠിക്കാം. അവിടുന്ന് ബോധ്യപ്പെടുത്തുമ്പോൾ ഹൃദയം കഠിനമാക്കാതിരിക്കാം. തെറ്റുകൾ സമ്മതിക്കാം. ദൈവസന്നിധിയിൽ സത്യസന്ധരാകാം. അപ്പോൾ ബലഹീനതകൾ ദൈവകൃപയുടെ സാക്ഷ്യങ്ങളാകും. പരാജയങ്ങൾ ആത്മീയപക്വതയിലേക്കുള്ള ചവിട്ടുപടികളാകും. അങ്ങനെ ഓരോദിവസവും ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് മുന്നേറുന്ന വിജയജീവിതം അനുഭവമാകും. വാക്കുകൾക്കതീതമായി ദൈവതേജസ്സിന്റെ മുമ്പാകെ ദൈവമഹത്വം കണ്ട് ആരാധിക്കുന്ന അവർണ്ണനീയ അനുഭവത്തിന് നമ്മെ പ്രാപ്തരാക്കും. •

മനു എം.എം

രക്ഷകനെ അറിയുന്നവരും അറിയിക്കുന്നവരും

ബൈബിൾ കോളേജ് പഠനത്തിനുശേഷം വീട്ടിലേക്കുള്ള മടക്കയാത്രയിൽ ആയിരുന്നു ഞാൻ. യാത്രാമധ്യേ എപ്പോഴോ എന്റെ ചെരുപ്പ് പൊട്ടിപ്പോയി. ടൗണിൽ ഇറങ്ങുമ്പോൾ അത് ശരിയാക്കാം എന്ന് ചിന്തിച്ച് കിട്ടിയ സീറ്റിൽ സമാധാനത്തോടെ ഇരുന്നു. ടൗണിൽ എത്തി, അവിടെ ചെരുപ്പ് നന്നാക്കുന്ന, പ്രായമുള്ള ഒരു വൃദ്ധനെ കണ്ടു. പൊട്ടിയ ചെരുപ്പ് അദ്ദേഹത്തിന്റെ കൈയിൽ ഏൽപ്പിച്ചു. അദ്ദേഹം അത് ശരിയാക്കാൻ തുടങ്ങി. അതിനിടയിൽ എന്നോട് ചോദിച്ചു:'മോന്റെ പേരെന്താണ്? എവിടെ നിന്നാണ് വരുന്നത്?' ആ ചോദ്യങ്ങൾക്ക് വലിയ ശ്രദ്ധ കൊടുക്കാതെ അലസമായ ഒരു മറുപടി നൽകി. അദ്ദേഹം വീണ്ടും ചോദിച്ചു: 'മോന് യേശുവിനെ അറിയാമോ?'

ആ ചോദ്യം കേട്ടനിമിഷം എന്റെ മനസ്സിൽ ഒരു ചിന്ത വന്നു: 'വേദപഠനം ചെയ്യുന്ന ഒരാളോടാണോ ഈ ചോദ്യം ചോദിക്കുന്നത്? അതും ദൈവവചനം പഠിച്ച് ശുശ്രൂഷയ്ക്കായി ഒരുങ്ങുന്ന എന്നോട്? അന്നത്തെ അവിവേകത്തിൽ അങ്ങനെ ചിന്തിച്ചു പോയി. കാരണം ഞാൻ ആരാണെന്ന് അദ്ദേഹം എങ്ങനെ അറിയും? മുഖം നോക്കാതെ ആരോടായാലും തന്റെ രക്ഷകനെക്കുറിച്ച് പറയുവാനുള്ള അദ്ദേഹത്തിന്റെ വ്യഗ്രത എനിക്ക് കാണാൻ കഴിയാതെ പോയി. എന്നാൽ എന്റെ പ്രതികരണത്തിൽ അസ്വസ്ഥനാകാതെ ആ പിതാവ് താൻ അനുഭവിച്ചറിഞ്ഞ രക്ഷയുടെ സന്തോഷം പങ്കുവെക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ ലളിതമായ വാക്കുകളിലൂടെ സുവിശേഷസത്യങ്ങൾ വീണ്ടും എന്റെ ഹൃദയത്തെ സ്പർശിക്കാൻ തുടങ്ങി. ഞാൻ കേട്ടുകൊണ്ടിരിക്കുന്തോറും എന്റെ ഉള്ളിൽ ഒരു ഭാരം അനുഭവപ്പെട്ടു. തുടർന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'അപ്പച്ചാ, ക്ഷമിക്കണം, ഞാൻ ഒരു വേദപഠിതാവാണ്.' അത് കേട്ടപ്പോൾ അദ്ദേഹം സന്തോഷത്തോടെ പ്രതികരിച്ചു. ചില സൗഹൃദസംഭാഷണങ്ങൾക്ക് ശേഷം അദ്ദേഹം എന്നോട് പറഞ്ഞ വാക്കുകൾ എന്റെ ഉള്ളിൽ ആഴത്തിൽ പതിഞ്ഞു: 'മോനെ, നാം അറിഞ്ഞ ഈ സുവിശേഷം മറ്റുള്ളവരോട് അറിയിക്കണം. അത് നമ്മുടെ ദൗത്യവും ഉത്തരവാദിത്തവുമാണ്.' ആ വാക്കുകൾ ഒരു ചാട്ടുളി പോലെ എന്റെ ഹൃദയത്തിലേക്ക് തുളച്ചുകയറി. കർത്താവിന്റെ കൽപ്പനകളെ ഓർമ്മിപ്പിക്കുന്നതായിരുന്നു അത്.

ശേഷം പേജ 28 ▶



ഡോ. സുജിത്ത് സൈമൺ

പഴയ മുറിവുകൾ ഓർക്കുമ്പോൾ

ക്ഷമ ദൈവികമാണ്; എന്നാൽ ക്ഷമിക്കാതിരിക്കുമ്പോൾ ക്ഷമിക്കാത്തവരുടെ വേദനയാണ് കൂടുതൽ വഷളാകുന്നത്. ജീവിതത്തിൽ ഒരിക്കലെങ്കിലും മറ്റുള്ളവരിൽ നിന്ന് വേദന അനുഭവിക്കാത്തവർ വിരളമാണ്. വേദനിപ്പിക്കുന്ന വാക്കുകൾ, പ്രവൃത്തികൾ, വഞ്ചനകൾ, നഷ്ടങ്ങൾ ഇവ മനസ്സിൽ മായാത്ത മുറിവുകൾ ഉണ്ടാക്കും. അത്തരം സാഹചര്യങ്ങളിൽ 'അവനും ഇതേവേദന അനുഭവിക്കണം, അവനെ ഒരു പാഠം പഠിപ്പിക്കണം, എന്റെ അന്തസ്സ് തിരിച്ചുപിടിക്കണം' എന്ന ചിന്തകൾ മനസ്സിൽ ഉയരുന്നത് സ്വാഭാവികമാണ്. എന്നാൽ ആ ചിന്തകൾ ജീവിതത്തെ നിയന്ത്രിക്കാൻ അനുവദിച്ചാൽ അത് പകയായി മാറുന്നു. അപ്പോൾ വേദനിപ്പിച്ച വ്യക്തി, അതനുഭവിച്ചവരുടെ ജീവിതത്തിൽ നിന്ന് അകന്നുപോയാലും അവനോടുള്ള അമർഷം മനസ്സിൽ മായാതെ നിൽക്കുകയാണ് ചെയ്യുന്നത്.

പക എന്നത് കോപം മാത്രമല്ല. അത് പഴയ സംഭവങ്ങളെ ഓർത്തെടുക്കുകയും, മനസ്സിൽ പ്രതികാരത്തിന്റെ വാഞ്ച സൃഷ്ടിക്കുകയും, മറ്റൊരാളുടെ വീഴ്ചയിൽ സംതൃപ്തി കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു മാനസികാവസ്ഥയാണ്. വിചിത്രമെന്നു പറയട്ടെ, ഇങ്ങനെ ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ നശിക്കുന്നത് ആ വികാരം ഉള്ളിൽ സൂക്ഷിക്കുന്ന വ്യക്തി തന്നെയാണ്. കാരണം ഓരോ തവണയും പഴയ മുറിവുകൾ ഓർക്കുമ്പോൾ ആ സംഭവം വീണ്ടും അപ്പോൾ സംഭവിക്കുന്നതുപോലെ മനസ്സിൽ അനുഭവപ്പെടുന്നു. അതോടെ സമ്മർദ്ദ ഹോർമോണുകൾ വർദ്ധിക്കുകയും ഉറക്കക്കുറവ്, ഉത്കണ്ഠ, വിഷാദം, ദേഷ്യം, ബന്ധങ്ങളിലെ അകൽച്ച എന്നിവ ഉണ്ടാകുകയും ചെയ്യുന്നു.

ചിലർക്ക് ചെറിയ വിമർശനം പോലും വലിയ അപമാനമായി തോന്നാം. ബാല്യകാലത്ത് നിരന്തരം അവഗണനയും അപമാനവും അനുഭവിച്ചവർക്കോ, സ്നേഹക്കുറവ് അനുഭവിച്ചവർക്കോ, വിശ്വാസവഞ്ചന നേരിട്ടവർക്കോ പിന്നീട് ജീവിതത്തിൽ പ്രതികാരബുദ്ധി കൂടുതൽ ശക്തമാകാൻ സാധ്യതയുണ്ട്. കാരണം ഇപ്പോഴത്തെ മുറിവിനൊപ്പം മനസ്സിനേറ്റ പഴയ മുറിവുകളും വീണ്ടും ഉണരുകയാണ്. അതിനാൽ പ്രതികാരത്തിന്റെ പിന്നിൽ പലപ്പോഴും കോപത്തേക്കാൾ കൂടുതൽ മനസ്സിനേറ്റ മുറിവുകളും ഭയവും അപമാനബോധവുമാണ് കാരണമായി ഒളിഞ്ഞിരിക്കുന്നത്.

കുടുംബങ്ങളിലും പക വളരാം. സ്വത്തുതർക്കങ്ങൾ, താരതമ്യങ്ങൾ, തുടർച്ചയായ അവഗണന ഇവ വർഷങ്ങളോളം മനസ്സിൽ കിടക്കുന്ന വിരോധത്തിന് കാരണമാകാം. പ്രണയബന്ധങ്ങളിൽ വിശ്വാസവഞ്ചനയോ പെട്ടെന്നുള്ള ഉപേക്ഷണമോ സംഭവിക്കുമ്പോൾ എന്റെ ജീവിതം നശിപ്പിച്ച ആളോട് ഞാൻ ഒരിക്കലും ക്ഷമിക്കില്ല' എന്ന ചിന്ത ഉയരാം. തൊഴിൽ

സ്ഥലങ്ങളിൽ അനീതിയും അപമാനവും ചൂഷണവും നേരിടുമ്പോഴും ഇതേ വികാരങ്ങൾ ഉണ്ടാകാം. എന്നാൽ പക മനസ്സിൽ സൂക്ഷിക്കുന്നത് പ്രശ്നം പരിഹരിക്കുന്നില്ല; മറിച്ച് വേദനയ്ക്ക് ആക്കം കൂട്ടുകയാണ് ചെയ്യുന്നത്.

പ്രതികാരം ചെയ്താൽ മനസ്സിന് സമാധാനം ലഭിക്കുമെന്ന് പലരും കരുതുന്നു. എന്നാൽ ഗവേഷണങ്ങളും കൗൺസലിംഗ് അനുഭവങ്ങളും കാണിക്കുന്നത് മറ്റൊന്നാണ്. പ്രതികാരത്തിന് ശേഷം പലർക്കും പ്രതീക്ഷിച്ച ആശ്വാസം ലഭിക്കാറില്ല. പകരം കുറ്റബോധം, അപ്രതീക്ഷിത ഭവിഷ്യത്തുകൾ, മനസ്സിനെ അസ്വസ്ഥമാക്കുന്ന നിയമനടപടികൾ എന്നിവ വേട്ടയാടുന്നു. അതോടെ സന്തോഷവും സമാധാനവും അനുഭവിക്കുവാൻ കഴിയാതെ കുറ്റബോധത്തിന്റെ തടവറയിൽ നീറിനീറി കഴിയുന്ന അനുഭവം വീർപ്പുമുട്ടിക്കുന്നു. പ്രതികാരം, മുറിവ് ഭേദമാക്കുന്നില്ലെന്നു മാത്രമല്ല, വീണ്ടും വേദനാജനകമാക്കുകയാണ് ചെയ്യുന്നത്.

ഇതിന് വിപരീതമാണ് ക്ഷമ. അത് വാസ്തവത്തിൽ ദോഷം കണക്കിടാത്ത സ്നേഹം ആണ്. ക്ഷമ എന്നത് തെറ്റിനെ ന്യായീകരിക്കലല്ല. സംഭവിച്ചതെല്ലാം മറന്നുകളയുക എന്നതുമല്ല. തെറ്റ് ചെയ്തയാളുമായി വീണ്ടും ബന്ധം സ്ഥാപിക്കണമെന്നുമില്ല. ആവശ്യമായിടത്ത് അതിർവരമ്പുകൾ നിശ്ചയിക്കാം, സഹായം തേടാം, സ്വയം സംരക്ഷിക്കാം. എന്നാൽ അതിനൊപ്പം തന്നെ, ഈ സംഭവം ഇനി മനസ്സിനെയും ഭാവിയെയും നിയന്ത്രിക്കാൻ അനുവദിക്കില്ല എന്ന തീരുമാനമാണ് യഥാർത്ഥ ക്ഷമയുടെ ആരംഭം.

ക്ഷമ ഒരു നിമിഷത്തിൽ സംഭവിക്കുന്ന കാര്യമല്ല; അത് ഒരു യാത്രയാണ്. ആദ്യം സ്വന്തം വേദന അംഗീകരിക്കണം. നഷ്ടപ്പെട്ട കാര്യങ്ങളുടെ ഒരു പട്ടിക എഴുതി തയ്യാറാക്കാം, വിശ്വസ്തനായ ഒരാളോട് പങ്കുവയ്ക്കാം. ആവശ്യമെങ്കിൽ കൗൺസലറുടെ സഹായം തേടുക. ഇങ്ങനെ ചെയ്യുമ്പോൾ മനസ്സിലെ വികാരങ്ങൾക്ക് ആരോഗ്യകരമായ ഒരു നീക്കുപോക്ക് ലഭിക്കും. വികാരങ്ങളെ അടിച്ചമർത്തുന്നത് അനാരോഗ്യകരവും അവയെ സുരക്ഷിതമായി പ്രകടിപ്പിക്കുന്നത് മാനസികാരോഗ്യത്തിന് കാരണവും ആകുന്നു.

ഓർക്കുക, ക്ഷമിക്കുന്നത് തെറ്റ് ചെയ്തവർക്കുവേണ്ടിയല്ല, തെറ്റിന്റെ തിക്തഫലം അനുഭവിച്ച ഇരയുടെ മാനസിക സന്തോഷത്തിനു വേണ്ടിയാണ്. പക സ്വന്തം ഹൃദയത്തിൽ വിഷം സൂക്ഷിച്ച് തൽഫലമായി മറ്റൊരാൾ മരിക്കുമെന്ന് പ്രതീക്ഷിക്കുന്നതുപോലെയാണ്. എന്നാൽ ക്ഷമ, ആ വിഷം പുറത്തുകളഞ്ഞ് മുറിവുണക്കി സുഖപ്പെടാൻ തുടങ്ങുന്നതാണ്. ക്ഷമിക്കുന്ന നിമിഷം മുതൽ നാം ഭൂതകാലത്തിന്റെ തടവുകാരല്ല; പ്രത്യാശ നിറഞ്ഞ ഭാവിയിലേക്കുള്ള യാത്രക്കാരാകുന്നു.

ക്ഷമിക്കുന്ന നിമിഷം മുതൽ നാം ഭൂതകാലത്തിന്റെ തടവുകാരല്ല; പ്രത്യാശ നിറഞ്ഞ ഭാവിയിലേക്കുള്ള യാത്രക്കാരാകുന്നു.

ജീവിതം മുഴുവൻ പക ഉള്ളിൽ സൂക്ഷിക്കുന്നത് ആത്മഹത്യാപരമാണ്. ജീവിതത്തെ മുഴുവൻ ഒരു പുസ്തകമായി കണക്കാക്കിയാൽ വേദനിപ്പിക്കുന്ന വ്യക്തികൾ കേവലം അതിന്റെ ഒരു പേജ് മാത്രമാണ്. അവരുടെ തെറ്റുകൾ ആരുടെയും ഭാവിയെ നിർവ്വചിക്കേണ്ടതില്ല. ക്ഷമ എന്നത് മറക്കലല്ല, മറിച്ച് മുറിവിന്റെ അടിമയാകാതിരിക്കാനുള്ള ധീരമായ തീരുമാനമാണ്. അതുകൊണ്ടുതന്നെ ക്ഷമ ദൈവികമാണ്; ക്ഷമിക്കാതിരിക്കുന്നതു ദ്രോഹിച്ചയാളെ അല്ല, അവരവരെത്തന്നെയാണ് കൂടുതൽ വേദനിപ്പിക്കുന്നത്.

യേശുകർത്താവ് പഠിപ്പിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യം: 'നിങ്ങളോട് തെറ്റ് ചെയ്യുന്ന മനുഷ്യരോട് നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങൾ ചെയ്ത തെറ്റുകൾ നിങ്ങളോടും ക്ഷമിക്കും. എന്നാൽ നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളെയും ക്ഷമിക്കുകയില്ല.' വളരെ ശ്രദ്ധേയമായ കാര്യം, ക്ഷമിക്കാത്ത വ്യക്തികൾ സ്വജീവിതത്തിൽ പാപക്ഷമ പ്രാപിക്കാതെ നിത്യശിക്ഷാവിധി പ്രാപിക്കത്തക്കവണ്ണം തങ്ങളെത്തന്നെ വഞ്ചിക്കുന്നു എന്നതാണ്. ആകയാൽ എല്ലാവരോടും ഹൃദയപൂർവ്വം ക്ഷമിച്ച് ഇഹപരലോകത്തിൽ സമാധാനപൂരിതമായിരിക്കുവാൻ നമുക്ക് സമർപ്പിക്കാം. ദൈവം അനുഗ്രഹിക്കട്ടെ •

ഞാൻ കണ്ട ബീഹാർ

(ഒരു മിഷനറിയുടെ കണ്ണിലൂടെ സുവിശേഷവും മനുഷ്യന്റെ അന്തസ്സും)

അജി മാത്യു, ഉഗാണ്ട

ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട് (ലൂക്കോസ് 4:18)

2001 ഏപ്രിൽ മാസം. ആദ്യമായി ബീഹാർ എന്ന മണ്ണിലേക്ക് എന്നെ ഒരു മിഷനറിയായി ദൈവം അയച്ചു. അക്കാലം ബീഹാറിന്റെ ചരിത്രത്തിലെ ഒരു നിർണായക സമയമായിരുന്നു. വർഷങ്ങളുടെ ഇടവേളയ്ക്ക് ശേഷം സംസ്ഥാനത്ത് ആദ്യ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരുന്നു. ജനാധിപത്യത്തിന്റെ ഉത്സവമാകേണ്ടിയിരുന്ന ആ ദിവസങ്ങളിൽ ഞാൻ കണ്ട ചില കാഴ്ചകൾ ഇന്നും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. വോട്ട് ചെയ്യാനായി വന്നിരുന്ന ദളിത്, ആദിവാസി സമൂഹങ്ങളിൽപ്പെട്ട ആളുകളെ വടികളുമായി നിന്നിരുന്ന ചിലർ ഭീഷണിപ്പെടുത്തി പോളിംഗ് ബൂത്തിൽ നിന്ന് ഓടിക്കുന്ന കാഴ്ച ഞാൻ എന്റെ സ്വന്തം കണ്ണുകളാൽ കണ്ടു. 'ബൂത്ത് പിടിത്തം' (Booth Capturing) എന്ന വാക്ക് അതുവരെ ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ അതിന്റെ യഥാർത്ഥ രൂപം അന്നാണ് നേരിൽ കണ്ടത്. സമൂഹത്തിലെ ഏറ്റവും ദുർബലരായ മനുഷ്യർക്ക് അവരുടെ ജനാധിപത്യ അവകാശം പോലും നിഷേധിക്കപ്പെടുന്ന യാഥാർത്ഥ്യം എന്റെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു. ആ അനുഭവം എന്റെ മനസ്സിൽ ഒരു ചോദ്യം ഉയർത്തി: സമൂഹം ഇങ്ങനെ മാറ്റിനിർത്തുന്ന മനുഷ്യരെ യേശു ക്രിസ്തു എങ്ങനെയാണ് കണ്ടത്?

അവരിൽ ഒരാളായി ജീവിച്ച വർഷങ്ങൾ

പിന്നീട് ദൈവം എന്നെ ടെൽദിഹ (Teldiha) എന്ന ഉൾഗ്രാമത്തിലേക്ക് നയിച്ചു. സന്താൽ (Santhal), മുണ്ട (Munda) എന്നീ ആദിവാസി സമൂഹങ്ങളുടെ ഇടയിൽ ജീവിക്കുവാനുള്ള അപൂർവ ഭാഗ്യം എനിക്ക് ലഭിച്ചു. ഞാൻ അവരുടെ ഇടയിൽ ഒരു പ്രസംഗകനായി മാത്രമല്ല ജീവിച്ചത്; അവരിൽ ഒരാളായി ജീവിക്കാൻ ശ്രമിച്ചു. അവരോടൊപ്പം കാട്ടിൽ പോയി വിറക് വെട്ടി. വയലിൽ കൊയ്ത്തിനും മെതിപ്പണികൾക്കും ഒപ്പം നിന്നു. അവരുടെ വീടുകളിൽ നിന്നും ഭക്ഷണം കഴിച്ചു. അവരുടെ ഉത്സവങ്ങളിൽ അവരോടൊപ്പം നൃത്തം ചെയ്തു. അവരുടെ കണ്ണീരിലും സന്തോഷങ്ങളിലും പങ്കാളിയായി.

എന്റെ മകൻ ആദ്യം സംസാരിക്കാൻ പഠിച്ച ഭാഷ, മലയാളമോ ഹിന്ദിയോ ഇംഗ്ലീഷോ ആയിരുന്നില്ല; സന്താൽ ആദിവാസികളുടെ മാതൃഭാഷയായ സന്താലി ആയിരുന്നു. അത്രത്തോളം ഞങ്ങളുടെ കുടുംബം അവരുടെ ജീവിതത്തോട് ഇഴുകിച്ചേർന്നിരുന്നു. അപ്പോഴാണ് ഞാൻ യോഹന്നാൻ എഴുതിയ സുവിശേഷത്തിലെ ഒരു സത്യം കൂടുതൽ ആഴത്തിൽ മനസ്സിലാക്കിയത്. 'വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.....' (യോഹന്നാൻ 1:14). യേശു മനുഷ്യരെ ദൂരെനിന്ന് രക്ഷിച്ചില്ല; അവരുടെ ഇടയിലേക്ക് വന്നു സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ചു. യഥാർത്ഥ മിഷൻ എന്നത് ജനങ്ങളുടെ ജീവിതത്തിലേക്ക് കടന്നുചെല്ലുന്നതാണ്.

ഞാൻ കണ്ട സാമൂഹിക യാഥാർത്ഥ്യം

ആദിവാസികൾക്ക് അവരുടെ സ്വന്തം ഗ്രാമത്തിന്റെ പേര് പോലും പലപ്പോഴും ഉപയോഗിക്കപ്പെട്ടിരുന്നില്ല. ടെൽദിഹ എന്നല്ല 'സന്താൽ ടോള', 'മുണ്ടാ ടോള' (സന്താൽ ഗ്രാമം, മുണ്ടാ

ഗ്രാമം) എന്നിങ്ങനെയായിരുന്നു അറിയപ്പെട്ടിരുന്നത്. അത് എന്നെ ഏറെ ചിന്തിപ്പിച്ചു. 2012 ൽ ഞാൻ അവിടെ നിന്ന് മടങ്ങിവരുന്നതുവരെ ചില ഗ്രാമങ്ങളിൽ വൈദ്യുതി എത്തിയിരുന്നില്ല. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലായിരുന്നു അവരുടെ ജീവിതം. സർക്കാർ വിതരണം ചെയ്തിരുന്ന മണ്ണെണ്ണ പോലും എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നില്ലെന്ന് ഞാൻ കണ്ടു. വിതരണം നടക്കുന്ന കേന്ദ്രങ്ങളിൽ ആദ്യം സമൂഹത്തിലെ സ്വാധീനമുള്ളവർ ആവശ്യത്തിന് മണ്ണെണ്ണ വാങ്ങും. അവസാനം ആദിവാസി കുടുംബങ്ങൾക്ക് വളരെ കുറച്ച് മാത്രമേ ലഭിക്കാറുണ്ടായിരുന്നുള്ളൂ. മാർക്കറ്റുകളിൽ, ചില ദളിത് ആദിവാസി സ്ത്രീകളോട് അപമാനകരമായി സംസാരിക്കുന്നതും ലൈംഗികച്ചുവയോടെ പരാമർശങ്ങൾ നടത്തുന്നതും ചിലപ്പോൾ അവരെ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. ഞാൻ ഈ കാര്യങ്ങൾ എഴുതുന്നത് ഒരു ജാതിയെയോ സമൂഹത്തെയോ കുറ്റപ്പെടുത്താനല്ല. എല്ലാ സമൂഹങ്ങളിലും നല്ലവരും അല്ലാത്തവരും ഉണ്ട്. എന്നാൽ ഒരു മിഷനറിയായി, ഞാൻ കണ്ട ചില യാഥാർത്ഥ്യങ്ങളാണ് ഇവ. അവ എന്നെ വീണ്ടും യേശുവിന്റെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുപോയി.

സുവിശേഷത്തിൽ യേശു ആരുടെ പക്ഷത്തായിരുന്നു?

സുവിശേഷങ്ങൾ തുറന്നുനോക്കുമ്പോൾ യേശു എപ്പോഴും സമൂഹം അവഗണിച്ചവരുടെ നടുവിലായിരുന്നു. കുഷ്ഠരോഗിയെ അവൻ സ്പർശിച്ചു. ശമര്യാസ്ത്രീയോട് അവൻ പൊതുസ്ഥലത്ത് സംസാരിക്കുകയും അവളുടെ അന്തസ്സ് പുന:സ്ഥാപിക്കുകയും ചെയ്തു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയാൻ അനുവദിച്ചില്ല. അന്ധരെയും മുടന്തരെയും ഭിക്ഷക്കാരെയും സമൂഹം തള്ളിക്കളഞ്ഞവരെയും ദൈവരാജ്യത്തിൽ കൊണ്ടുവന്നു. തന്റെ ആദ്യ പ്രസംഗം തന്നെ ഇങ്ങനെയായിരുന്നു.

'ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്' പഴയനിയമത്തിലും ദൈവം വിധവയുടെയും അനാഥന്റെയും പരദേശിയുടെയും ദരിദ്രന്റെയും പക്ഷത്താണ് നിൽക്കുന്നത് (ആവർത്തനം 10:18; സങ്കീർത്തനം 146:79). ഇയ്യോബ് പറയുന്നത് 'ദരിദ്രന്മാർക്കു ഞാൻ അപ്പനായിരുന്നു;' (29:16) യാക്കോബ് എഴുതുന്നു: 'മുഖപക്ഷം കാണിക്കരുത്' (2:1). പൗലോസ് പ്രഖ്യാപിക്കുന്നു: 'അവിടെ യെഹൂദരെന്നോ വിജാതീയരെന്നോ ഇല്ല; അടിമയെന്നോ സ്വതന്ത്രനെന്നോ ഇല്ല, സ്ത്രീയെന്നോ പുരുഷനെന്നോ ഇല്ല, നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാകുന്നു. (ഗലാത്യർ 3:28). സുവിശേഷം പാപമോചനം മാത്രമല്ല; മനുഷ്യന്റെ നഷ്ടപ്പെട്ട അന്തസ്സിനെ പുന:സ്ഥാപിക്കുന്ന ദൈവത്തിന്റെ കരുണയുടെയും കരുതലിന്റെയും പ്രവൃത്തിയാണ്.

ദൈവം ചെയ്ത അത്ഭുതം

ആദിവാസികളുടെ ഇടയിൽ ഏകദേശം മൂന്ന് വർഷം ശുശ്രൂഷ ചെയ്യുവാൻ ദൈവം എനിക്ക് കൃപ നൽകി. ആ കാലയളവിൽ ദൈവം അത്ഭുതകരമായി പ്രവർത്തിച്ചു. ശക്തമായ ഒരു പ്രാദേശിക സഭ രൂപപ്പെട്ടു. ഒരു ചിൽഡ്രൻസ് ഹോം ആരംഭിക്കുവാനും ഒരു സ്കൂൾ ആരംഭിക്കുവാനും ദൈവം സഹായിച്ചു. എന്നാൽ എന്റെ ലക്ഷ്യം ഒരു സ്ഥലത്ത് ജീവിതകാലം മുഴുവൻ തുടരുക എന്നതായിരുന്നില്ല. പ്രാദേശിക നേതൃത്വത്തെ സജ്ജരാക്കി ഉത്തരവാദിത്തങ്ങൾ അവരെ ഏൽപ്പിച്ചശേഷം ദൈവം എന്നെ മറ്റൊരു പ്രദേശത്തേക്ക് നയിച്ചു. ഇന്നും അവിടെ ആ സഭ നിലനിൽക്കുന്നു. ചിൽഡ്രൻസ് ഹോം പ്രവർത്തിക്കുന്നു. സ്കൂൾ തുടരുന്നു. അത് എന്റെ വിജയമല്ല. അത് ദൈവരാജ്യത്തിന്റെ വിജയമാണ്.

ബീഹാറിൽ ദൈവം എന്നെ പഠിപ്പിച്ച ഏറ്റവും വലിയ പാഠം ഇതാണ്. സുവിശേഷം പ്രസംഗിക്കുന്നതിലൂടെ മനുഷ്യരെ സ്വർഗ്ഗത്തിലേക്ക് മാത്രം ഒരുക്കുകയല്ല; ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യന്റെയും അന്തസ്സും മൂല്യവും പുന:സ്ഥാപിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയിൽ പങ്കാളിയാകുക കൂടിയാണ്. യേശു ഒരിക്കലും മനുഷ്യരെ ജാതി, വർഗ്ഗം, ഭാഷ, ലിംഗം, സാമ്പത്തിക സ്ഥിതി എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ടില്ല. താൻ അവരെ തന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരായി കണ്ടു.

ഇന്നും സഭയുടെ ദൗത്യം അതുതന്നെയാണ്. സമൂഹം തള്ളിക്കളയുന്നവരുടെ അടുത്തേക്ക് ചെന്ന് അവരോടൊപ്പം ജീവിക്കുക, അവരെ സ്നേഹിക്കുക, അവരുടെ അന്തസ്സ് പുന:സ്ഥാപിക്കുക, ക്രിസ്തുവിന്റെ സുവിശേഷത്തിലൂടെ അവരെ ദൈവരാജ്യത്തിലേക്ക് നയിക്കുക. അതാണ് യേശുവിന്റെ വഴി, യഥാർത്ഥ മിഷൻ. അതാണ് ദൈവം ബീഹാറിൽ എന്നെ പഠിച്ച ഏറ്റവും വലിയ പാഠവും. •

റിക്ക് വാറൻ

കരുതലിന്റെ തെളിവുകൾ

എന്റെ സഹോദരന്മാരേ, എനിക്കു ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്ന് നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു (ഫിലിപ്പിയർ 1: 12)

ജീവിതത്തിൽ സന്തോഷം നഷ്ടപ്പെടുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന്, നാം നമ്മുടെ സാഹചര്യങ്ങളെ മാത്രം നോക്കുകയും ദൈവത്തിന്റെ പ്രവർത്തനത്തെ കാണാതിരിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ കണ്ണുകൾ പലപ്പോഴും ഇന്നത്തെ വേദനയിലും നാളത്തെ അനിശ്ചിതത്വത്തിലും ഭാരപ്പെടുന്നു. എന്നാൽ ദൈവത്തിന്റെ ദൃഷ്ടി അതിനേക്കാൾ വളരെ വിശാലമാണ്. അവിടുന്ന് തുടക്കവും ഒടുക്കവും ഒരുപോലെ കാണുന്നവനാണ്. നമുക്ക് ആശയക്കുഴപ്പം തോന്നുന്ന സാഹചര്യങ്ങളിലും അവിടുന്ന് തന്റെ മഹത്തായ പദ്ധതി നിശ്ശബ്ദമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് യഥാർഥ സന്തോഷം, സാഹചര്യങ്ങൾക്ക് അതീതമായി ദൈവത്തെ വിശ്വസിക്കുന്ന മനോഭാവമാണെന്ന് പറയാൻ കഴിയുന്നത്. സന്തോഷമുള്ളവർ പ്രശ്നങ്ങളില്ലാത്തവരല്ല; പ്രശ്നങ്ങൾക്കിടയിലും ദൈവം പ്രവർത്തിക്കുന്നുവെന്ന് വിശ്വസിക്കുന്നവരാണ്. അവർ തങ്ങളുടെ ജീവിതത്തെ താൽക്കാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നില്ല. മറിച്ച്, നിത്യമായ ദൈവിക ഉദ്ദേശ്യങ്ങളുടെ വെളിച്ചത്തിലാണ് അവർ എല്ലാം കാണുന്നത്.

അപ്പൊസ്തലനായ പൗലോസിന്റെ ജീവിതം ഈ സത്യത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്. ദമസ്ക്കോസിലേക്കുള്ള യാത്രാമധ്യേ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടുമുട്ടിയതോടെ അദ്ദേഹത്തിന്റെ ജീവിതത്തിന് പുതിയ ലക്ഷ്യം ലഭിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷം പ്രസംഗിച്ച അദ്ദേഹം, ഒരുദിവസം റോമിലെത്തി. അവിടെയും ക്രിസ്തുവിനെ പ്രഖ്യാപിക്കണമെന്ന വലിയ ആഗ്രഹം ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. കാരണം, റോമായിരുന്നു അന്നത്തെ ലോകത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവും ഭരണപരവുമായ കേന്ദ്രം. അവിടെ സുവിശേഷം എത്തുകയാണെങ്കിൽ അതിന്റെ സ്വാധീനം ലോകമെങ്ങും വ്യാപിക്കുമെന്ന് അദ്ദേഹം കരുതിയിരിക്കാം.

എന്നാൽ ദൈവം ആ ലക്ഷ്യം നിറവേറ്റിയ രീതി പൗലോസ് ഒരിക്കലും പ്രതീക്ഷിച്ചതായിരുന്നില്ല. ഒരു മഹത്തായ സുവിശേഷയോഗത്തിന്റെ മുഖ്യപ്രഭാഷകനായല്ല അദ്ദേഹം റോമിലെത്തിയത്; ഒരു തടവുകാരനായിട്ടായിരുന്നു. മനുഷ്യന്റെ കാഴ്ചപ്പാടിൽ അത് പരാജയമായി തോന്നാം. എന്നാൽ ദൈവത്തിന്റെ കാഴ്ചപ്പാടിൽ അത് സുവിശേഷചരിത്രത്തിലെ ഏറ്റവും ഫലപ്രദമായ പദ്ധതികളിലൊന്നായിരുന്നു. പൗലോസ് ദിവസവും ഓരോ ഷിഫ്റ്റിലും തനിക്കു കാവൽ നിൽക്കുന്ന അകമ്പടി പട്ടാളക്കാരോട് സുവിശേഷം അറിയിച്ചുപോന്നു. അവർക്കു പൗലോസിന്റെ ജീവിതവും വിശ്വാസവും കണ്ടു ബോധ്യപ്പെടുവാൻ അവസരം ലഭിച്ചു. ബന്ധനങ്ങൾ സുവിശേഷത്തെ തടഞ്ഞില്ല; മറിച്ച് മുമ്പ് തുറക്കാത്ത വാതിലുകൾ തുറന്നു കിട്ടി. പൗലോസിനെ ബന്ധിച്ചിരുന്നു എങ്കിലും ദൈവവചനത്തെ ബന്ധിക്കാൻ ആർക്കും കഴിഞ്ഞില്ല.

ഇവിടെ നാം ഒരു പ്രധാന ആത്മീയസത്യം മനസ്സിലാക്കണം. ചിലപ്പോൾ ദൈവം നമ്മുടെ സാഹ

ചര്യങ്ങൾ ഉടൻ മാറ്റുന്നില്ല. പകരം, ആ സാഹചര്യങ്ങളെ ദൈവത്തിന്റെ മഹത്വത്തിനും മറ്റുള്ളവരുടെ നന്മയ്ക്കുമായി ഉപയോഗിക്കുന്നു. നാം അടഞ്ഞ വാതിൽ മാത്രമേ കാണുന്നുള്ളൂ; എന്നാൽ ദൈവം അതേസമയം മറ്റൊരു വാതിൽ തുറക്കുകയാണ്.

പൗലോസിന്റെ തടവുജീവിതത്തിന്റെ മറ്റൊരു അത്ഭുതകരമായ ഫലം അദ്ദേഹത്തിന്റെ ലേഖനങ്ങളായിരുന്നു. യാത്ര ചെയ്യാനും സഭകൾ സന്ദർശിക്കാനും കഴിയാത്ത അവസ്ഥയിൽ, അദ്ദേഹം എഴുതാൻ തുടങ്ങി. എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നീ ലേഖനങ്ങൾ അങ്ങനെ ജനിച്ചു. ആ ദിവസങ്ങളിൽ എഴുതപ്പെട്ട ആ വാക്കുകൾ ഇന്നും ലോകമെമ്പാടുമുള്ള കോടിക്കണക്കിന് വിശ്വാസികളുടെ ജീവിതത്തെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പൗലോസിന് അന്ന് തന്റെ എഴുത്തിന്റെ ദൂരവ്യാപകമായ സ്വാധീനം മനസ്സിലായിക്കാണുകയില്ല. എന്നാൽ ദൈവത്തിന് അത് അറിയാമായിരുന്നു.

ഇതിൽ നിന്ന് നമുക്കും ഒരു വലിയ പാഠമുണ്ട്. ഇന്ന് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ചില കാര്യങ്ങൾ നമുക്ക് മനസ്സിലാകുന്നില്ലായിരിക്കാം. എന്തുകൊണ്ട് ഈ രോഗം? എന്തുകൊണ്ട് ഈ നഷ്ടം? എന്തുകൊണ്ട് ഈ കാലതാമസം? എന്തുകൊണ്ട് ഈ കഷ്ടത? എന്നിങ്ങനെ നാം പല ചോദ്യങ്ങളും ചോദിച്ചേക്കാം. പലപ്പോഴും ദൈവം ഉടൻ ഉത്തരം നൽകുന്നില്ല. എന്നാൽ തന്റെ വിശ്വസ്തതയിലൂടെ ദൈവം നമ്മെ കൈപിടിച്ചുനടത്തുന്നു. ഇന്ന് അർത്ഥമില്ലെന്ന് തോന്നുന്ന പല സംഭവങ്ങളും വർഷങ്ങൾക്കുശേഷം തിരിഞ്ഞുനോക്കുമ്പോൾ ദൈവത്തിന്റെ കരുതലിന്റെ തെളിവുകളായി മാറും.

വിശ്വാസം എന്നത് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചതിനുശേഷം ദൈവത്തെ വിശ്വസിക്കുന്നതല്ല. ഉത്തരം ലഭിക്കാതിരുന്നാലും ദൈവത്തിനു തെറ്റ് പറ്റുകയില്ല എന്ന ഉറപ്പോടെ ജീവിക്കുന്നതാണ് യഥാർത്ഥ വിശ്വാസം. അതാണ് പൗലോസിന്റെ ജീവിതത്തിൽ നാം കാണുന്നത്. തന്റെ ബന്ധനങ്ങളെക്കുറിച്ച് അദ്ദേഹം പരാതിപ്പെട്ടില്ല; മറിച്ച് ദൈവം അവയെ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് കണ്ടു സന്തോഷിച്ചു. നമ്മുടെ ജീവിതത്തിലും പലപ്പോഴും ദൈവത്തിന്റെ പ്രവർത്തനം പിന്നീടാണ് വ്യക്തമായി കാണാൻ കഴിയുന്നത്. ഒരു കർഷകൻ വിത്ത് വിതച്ച ഉടൻ വിളവെടുപ്പ് പ്രതീക്ഷിക്കാത്തതുപോലെ, ദൈവവും തക്കസമയത്ത് തന്റെ പ്രവർത്തനത്തിന്റെ ഫലം വെളിപ്പെടുത്തുന്നു. നമ്മുടെ ഉത്തരവാദിത്തം വിശ്വസ്തരായിരിക്കുക എന്നതാണ്; ഫലം നൽകുന്നത് ദൈവമാണ്.

അതുകൊണ്ട്, നിങ്ങളെ നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രശ്നം നേരിടുമ്പോൾ സാഹചര്യത്തെ മാത്രം നോക്കരുത്. അതിന് അപ്പുറത്തേക്ക് നോക്കുക. ദൈവത്തോട് ഇങ്ങനെ ചോദിക്കുക: കർത്താവേ, ഈ അനുഭവത്തിലൂടെ എന്നെ എന്താണ് പഠിപ്പിക്കുന്നത്? എന്റെ സ്വഭാവത്തിൽ എന്താണ് അങ്ങ് രൂപപ്പെടുത്തുന്നത്? ഈ സാഹചര്യത്തിൽ എന്നിലൂടെ ആരെയാണ് അവിടുന്ന് അനുഗ്രഹിക്കാൻ പോകുന്നത്? അങ്ങയുടെ മഹത്തായ പദ്ധതിയിൽ ഇതിന് എന്ത് സ്ഥാനമാണുള്ളത്? ഈ ചോദ്യങ്ങൾ നമ്മുടെ മനോഭാവം മാറ്റും. പരാതിക്ക് പകരം പ്രാർത്ഥനയും, ഭയത്തിന് പകരം വിശ്വാസവും, നിരാശയ്ക്ക് പകരം പ്രത്യാശയും നമ്മുടെ ഹൃദയത്തിൽ നിറയും. കാരണം, ജീവിതത്തിലെ ഓരോ സംഭവവും ദൈവത്തിന്റെ സർവ്വജ്ഞാനത്തിന്റെയും സർവ്വശക്തിയുടെയും കീഴിലാണെന്ന് നമുക്ക് ബോധ്യമാകും.

ദൈവം നമ്മുടെ ജീവിതത്തിലെ എല്ലാ സംഭവങ്ങളുടെയും കർത്താവാണ്. അവിടുന്ന് അനുവദിക്കുന്നതൊന്നും അർത്ഥശൂന്യമല്ല. നമുക്ക് മനസ്സിലാകാത്ത വഴികളിലൂടെയും ദൈവം നമ്മെ നയിക്കുന്നു. ഒരുനാൾ തിരിഞ്ഞുനോക്കുമ്പോൾ, നമ്മുടെ കണ്ണുനീരിന്റെ വഴികളിൽ പോലും ദൈവം തന്റെ കൃപയുടെ പാദമുദ്രകൾ പതിപ്പിച്ചിരുന്നുവെന്ന് നാം വ്യക്തമായി തിരിച്ചറിയും.

അതിനാൽ ഇന്നത്തെ കഷ്ടതകൾ നിങ്ങളുടെ സന്തോഷം അപഹരിക്കാൻ അനുവദിക്കരുത്. നിങ്ങളുടെ സാഹചര്യങ്ങളേക്കാൾ വലിയവനാണ് നിങ്ങളുടെ ദൈവം. നിങ്ങളുടെ പ്രശ്നങ്ങളേക്കാൾ വലിയതാണ് അവിടുത്തെ പദ്ധതി. ഇന്ന് നിങ്ങൾ കാണുന്നത് ഒരു അധ്യായം മാത്രമാണ്; എന്നാൽ ദൈവം മുഴുവൻ പുസ്തകവും എഴുതിക്കൊണ്ടിരിക്കുകയാണ്. തന്റെ കരങ്ങളിൽ ഏൽപ്പിക്കപ്പെട്ട ജീവിതം ഒരിക്കലും വ്യർത്ഥമാകുകയില്ല. ജീവിതത്തിലെ പല സമസ്യകളുടെയും പിന്നിൽ മറഞ്ഞിരിക്കുന്ന ദൈവഹിതം എങ്ങനെയുള്ളതെന്നു പൗലോസിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു ●

ഷീല ദാസ്

സാധാരണക്കാരിയുടെ അസാധാരണ വിശ്വാസം

പൗലോസ് രണ്ടാം മിഷനറിയാത്രയുടെ ഭാഗമായി അഥേനയിലെത്തി. ഗ്രീസിന്റെ തലസ്ഥാനം ആയ 'തത്വചിന്തകരുടെ നാട്' എന്നറിയപ്പെടുന്ന അഥേന, വിഗ്രഹങ്ങളെ കൊണ്ടു നിറഞ്ഞിരുന്നു. പൗലോസ് അവിടെ യഹൂദന്മാരോടും ദൈവഭക്തന്മാരോടും സംസാരിച്ചു. അവിടെ നിന്ന് അവരുടെ മതധാർമ്മിക കോടതി സ്ഥിതി ചെയ്തിരുന്ന അരയോപഗ കുന്നിലേക്കാണ് (Areopagus - Mars Hill) പോയത്. അഥേനയിലെ ഏറ്റവും വലിയ സ്ഥലവും തത്വചിന്തകർ കൂടുന്ന ഇടവുമാണ്. അനേക വിഗ്രഹങ്ങൾ ഉണ്ടായിരുന്നതിനിടയിൽ 'അജ്ഞാത ദൈവത്തിന്' എന്നുള്ള വേദിക്കല്ല കണ്ടപ്പോൾ അതിനെ അടിസ്ഥാനമാക്കി പൗലോസ് ധൈര്യത്തോടെ ദൈവവചനം സംസാരിക്കുന്നു. എല്ലാ കാര്യത്തിലും ഭക്തിയുള്ളവരാണ് എന്ന് അംഗീകരിച്ചുകൊണ്ടു തന്നെ അദ്ദേഹം അവിടെയുള്ള ബുദ്ധിജീവികളോട് സംസാരിച്ചു. പ്രവൃത്തി 17 : 34 ൽ അദ്ദേഹം പറഞ്ഞ വാക്കുകൾ ചില പുരുഷന്മാർ വിശ്വസിച്ചു. അവരിൽ ഒരാൾ ഈ കോടതിയിലെ ദിയോനുസ്യോസ് എന്ന ന്യായാധിപനായിരുന്നു. അവർ പൗലോസിനോട് കൂടുതൽ സംസാരിക്കുകയും ദൈവവചനത്തിൽ വിശ്വസിക്കുകയും ചെയ്തു. ദിയോനുസ്യോസ് പിന്നീട് അഥേനയിലെ ഒരു സഭാദ്ധ്യക്ഷനായി എന്നാണ് പാരമ്പര്യം.

എന്നാൽ അവരോടൊപ്പം വിശ്വസിച്ചവരിൽ ഒരു സഹോദരി ഉണ്ടായിരുന്നു. അവളുടെ പേര് ദമരീസ് എന്നായിരുന്നു. ഈ വനിതയെ കുറിച്ച് പിന്നീട് ബൈബിളിൽ നാം കാണുന്നില്ല. അവൾ ദൈവവചനം കേട്ടു ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ തയ്യാറായി സുവിശേഷകരോട് ചേർന്നുനിന്നു. അവൾ വിശ്വസിച്ചപ്പോൾ കൂടെയുള്ളവരുടെ സ്ഥാനവലിപ്പം നോക്കാതെ യേശുവിനുവേണ്ടി നിന്നു. കോടതിയിലെ ന്യായാധിപനായിരുന്ന വ്യക്തിയുൾപ്പെടെ, സുവിശേഷം അംഗീകരിച്ചവരോടൊപ്പം ആ സ്ത്രീയും വിശ്വസിച്ചു. തത്വചിന്തകന്മാർ സംശയവും അവിശ്വാസവും പരിഹാസവും ഉള്ളവരായപ്പോൾ, സത്യത്തിനൊപ്പം നിൽക്കാൻ ഭയപ്പെടാത്ത ആ ധീരവനിത വേദപുസ്തക ചരിത്രത്തിൽ സ്ഥാനം പിടിച്ചു. സാധാരണക്കാരെ കൊണ്ട് അസാധാരണ നിലയിൽ പ്രവർത്തിക്കുവാൻ നമ്മുടെ ദൈവത്തിന് കഴിയും.

അജ്ഞാത ദൈവത്തെക്കുറിച്ച് പ്രസംഗിച്ചപ്പോൾ തന്റെ പാരമ്പര്യം നോക്കാതെ യേശുക്രിസ്തുവിൽ വിശ്വസിക്കാൻ തയ്യാറായ ഈ സ്ത്രീയുടെ ഹൃദയം കർത്താവ് തുറന്നതാണ്. ഈ അധ്യായത്തിൽ കർത്താവ് ഹൃദയം തുറന്ന മറ്റൊരു വ്യക്തി

ലുദിയ എന്ന രക്താംബരം വിൽക്കുന്നവളാണ്. അവളുടെ ഹൃദയം കർത്താവ് തുറന്നപ്പോൾ, അ വളുടെ കുടുംബത്തെയും ദൈവം സ്വാധീനിച്ചു. അതുമൂലം അവൾ യൂറോപ്പിലെ ആദ്യവിശ്വാസി യായി, തന്റെ വീട് ആദ്യത്തെ സഭയായി. അനേ കരെ ഫിലിപ്പിയ പട്ടണത്തിൽ ദൈവത്തിങ്കലേക്ക് കൊണ്ടുവരാൻ അവൾക്ക് കഴിഞ്ഞു. ഇവർ ര ണ്ടുപേരും യൂറോപ്പിലെ വിശ്വാസികളാണ്. എ ന്നാൽ ഗ്രീക്ക് പണ്ഡിത നഗരത്തിൽ, വിഗ്രഹങ്ങ ളുടെ നടുവിൽ വച്ച് യേശുവിനെ രുചിച്ചറിഞ്ഞ ദ മരീസിന്റെ കുടുംബത്തെക്കുറിച്ച് വിശദീകരണ ങ്ങൾ ഒന്നും കാണുന്നില്ല. അവൾ രുചിച്ചറിഞ്ഞ ക്രിസ്തു അവളിലൂടെ പിന്നെ എന്തെല്ലാം ചെയ്തെ ടുത്തു എന്ന് നമുക്കറിയില്ല. ദൈവത്തിന് ജാതിയോ പദവിയോ ഒന്നും വിഷയമല്ല. ഹൃദയം കൊണ്ട് യേശുവിനെ വിശ്വസിക്കാൻ തയ്യാറായ, ആരി ലൂടെയും പ്രവർത്തിപ്പാൻ ദൈവത്തിന് കഴിയും. ഇവർ രണ്ടുപേരും പൗലോസിന്റെ ശുശ്രൂഷയിലൂടെ രക്ഷിക്കപ്പെട്ട ആദ്യകാല വിശ്വാസികളാണ്.

യൂറോപ്പിലെ ആദ്യ ക്രിസ്ത്യാനിയായി ലുദി യയെ ദൈവം തിരഞ്ഞെടുത്തപ്പോൾ, ഏതൻ സിലെ ആദ്യ ക്രിസ്ത്യാനികളിൽ ഒരാളായി ദമരീ സിനെയും ദൈവം തെരഞ്ഞെടുത്തു. ലുദിയ പു ഴവക്കത്തു കൂടിവന്ന സ്ത്രീകളോടൊപ്പം പൗലോസിന്റെ പ്രസംഗം കേട്ട് തന്റെ കുടുംബ ത്തോടൊപ്പം പൗലോസിനോട് ചേർന്നു നിന്നു. എ ന്നാൽ ദമരിസ് പൂർണ്ണ വിഗ്രഹാരാധകരുടെ ഇട യിൽ നിന്ന് വന്നവൾ ആണ്. കർത്താവ് അവ ളുടെയും ഹൃദയം തുറന്നു. ദമരിസ് പൗലോസി ന്റെ പ്രസംഗം കേട്ടപ്പോൾ വിശ്വസിച്ചവരോട് ചേർ ന്ന് നിൽക്കാൻ തയ്യാറായി. അവൾ കുടുംബത്തോ ടൊപ്പം അല്ല, വിശ്വസിച്ച ചില സുഹൃത്തുക്കളോ ടൊപ്പം ശിഷ്യന്മാരോട് ചേർന്നുനിന്നു. പുരുഷ ന്മാർക്കൊപ്പം സ്ത്രീകളെയും ദൈവം ഉപയോഗി ക്കുന്നു എന്ന് ഇവരുടെ ചരിത്രത്തിലൂടെ നാം കാ ണുന്നു. ഹൃദയം കർത്താവ് തുറന്നതുകൊണ്ട് ത ന്റെ വീട് തുറക്കാൻ തയ്യാറായ ലുദിയയും ദൈവ വചനം കേട്ടപ്പോൾ സുവിശേഷം അറിയിച്ചവരോട് ചേർന്നുനിന്ന ദമരീസും ദൈവസന്നിധിയിൽ ഒ രുപോലെയാണ്. ദൈവത്തിനു സമ്പന്നയായ വ്യാ പാരിയും വേണം വിഗ്രഹനഗരത്തിലെ സാധാര ണ സ്ത്രീയും വേണം. രണ്ടുപേരുടെയും ഹൃദയം തുറക്കപ്പെട്ടതിലൂടെ എന്തെല്ലാം പിൽക്കാലത്ത്

ഓരോരുത്തർക്കും വ്യത്യസ്തമായ ദർശനം ദൈവം നൽകിയിട്ടുണ്ട്. അവരവർക്ക് ലഭിച്ച കാഴ്ചപ്പാടിൽ മുന്നോട്ട് പോകാൻ തയ്യാറാകണം. മറ്റാരും പ്രാപിച്ചിട്ടില്ലാത്ത പുതിയ നിയോഗങ്ങൾ ഏറ്റെടുക്കാൻ ഈ കാലഘട്ടത്തിലും ദൈവം ചിലരെ അന്വേഷിക്കുന്നു. അതിൽ ഒരാൾ ആകാൻ കഴിയുമോ?

സംഭവിച്ചു എന്ന് നമുക്ക് പൂർണമായി അറിയില്ല. ഹൃദയം ദൈവസന്നിധിയിൽ തുറക്കപ്പെടുമ്പോൾ, നമ്മെ ഏതെല്ലാം നിലയിൽ ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ അതെല്ലാം സംഭവി ക്കാൻ വേണ്ടി സമർപ്പിച്ച് പ്രാർത്ഥിക്കാം.

ഇന്നത്തെ സമൂഹത്തിൽ ബലഹീനർ എന്ന് തോന്നിയ സ്ത്രീകളെക്കൊണ്ട് എന്തെല്ലാം കാര്യ ങ്ങൾ നടത്തുന്നു. എന്നാൽ ക്രിസ്തീയ ദർശനം ഉൾക്കൊണ്ട വനിതകൾ ഇന്ന് പലതിലും പിന്മി ലാണ്. വിമർശനങ്ങളെ ഭയന്ന് ഭവനത്തിൽ ഒതു ങ്ങുവാൻ ക്രൈസ്തവ വനിതകൾ തയ്യാറാകരുത്. ദൈവത്തിനെതിരെ സമൂഹത്തിൽ നടക്കുന്ന ത രംതാണ പ്രവൃത്തികൾക്കെതിരെ നിലപാടെടു ക്കണം. ഒരുപക്ഷേ കുടുംബം പോലും കൂടെ നി ന്നില്ലെന്ന് വരാം. പാപിനിയായ സ്ത്രീയെപ്പോലെ ഒറ്റയ്ക്ക് ധീരമായി നിൽക്കേണ്ടി വന്നാലും യേശു ക്രിസ്തു ഏൽപ്പിച്ച ദൗത്യത്തിന്റെ മഹത്വം തിരി ച്ചറിഞ്ഞ് അതിനുവേണ്ടി പോരാടുന്ന ധീരവനിത കളെ ഇന്നും ക്രൈസ്തവ ലോകത്തിന് ആവശ്യ മുണ്ട്. ഒന്നാം നൂറ്റാണ്ടിൽ ദൈവം ഉപയോഗിച്ച ക്രൈസ്തവവനിതകൾ പലരും രക്തസാക്ഷിക ളാകേണ്ടി വന്നിട്ടും അവരുടെ വിശ്വാസത്തിൽ നി ന്നും അണുവിട പോലും പിന്മാറുവാൻ തയ്യാറാ യില്ല. അവരുടെ കുഞ്ഞുങ്ങളെ മുമ്പിൽ നിർത്തിക്കൊണ്ട് പിന്മാറ്റാൻ ശ്രമിച്ചവർ, പരാജ യപ്പെട്ടു. അതുമൂലം അവരുടെ ധൈര്യം കണ്ട് അനേകർ ക്രൈസ്തവ വിശ്വാസം തെരഞ്ഞെടുത്തു.

ഈ ഭൂമിയിൽ ജീവിക്കുവാൻ ദൈവം നമുക്ക് നൽകിയ വിലയേറിയ ആയുസിനെ നാം അഗണ്യമാക്കരുത്. മറ്റൊരാളെപ്പോലെയാകാൻ ശ്രമിക്കരുത്. ഓരോരുത്തർക്കും വ്യത്യസ്തമായ ദർശനം ദൈവം നൽകിയിട്ടുണ്ട്. അവരവർക്ക് ലഭിച്ച കാഴ്ചപ്പാടിൽ മുന്നോട്ട് പോകാൻ തയ്യാറാകണം. മറ്റാരും പ്രാപിച്ചിട്ടില്ലാത്ത പുതിയ നിയോഗങ്ങൾ ഏറ്റെടുക്കാൻ ഈ കാലഘട്ടത്തിലും ദൈവം ചിലരെ അന്വേഷിക്കുന്നു. അതിൽ ഒരാൾ ആകാൻ കഴിയുമോ? സമൂഹത്തിനു നമ്മെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്ക് വ്യത്യസ്തമായി, ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്ന ദൗത്യത്തിലേക്ക് ചുവടുകൾ വെക്കുവാൻ തയ്യാറായാൽ, സഹോദരിമാരെ ഉപയോഗിക്കാൻ ദൈവത്തിന് കഴിയും. നമ്മെ അതിനായി സജ്ജരാക്കുവാൻ ദൈവം ഉപയോഗിക്കുന്ന പരിശീലനം വേദനാജനകമായിരുന്നാലും, ദൈവമേൽപ്പിക്കുന്ന ഉത്തമമായ ലക്ഷ്യത്തിലേക്ക് നമുക്ക് മുന്നേറാം.

ഇന്ന് നമ്മുടെ ചുറ്റുപാടുകളിൽ ചിലർ പരിഹാസമനോഭാവത്തോടെയും മറ്റുചിലർ സംശയമനോഭാവത്തോടെയും സുവിശേഷം കേൾക്കുന്നുണ്ട്. എന്നാൽ യഥാർത്ഥമായി ദൈവത്തിന്റെ തിരഞ്ഞെടുപ്പ് അവർക്കുണ്ടെങ്കിൽ, ലോകത്തെയോ മറ്റു യാതൊന്നിനെയും അവർ ഭയപ്പെടില്ല. ദമരിസ് ഉന്നതശ്രേണിയിലുള്ള സ്ത്രീ ആയിരിക്കാം. എന്നാൽ പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീ പരസ്യമായി വിശ്വാസം പ്രഖ്യാപിക്കുന്നത് എളുപ്പമല്ല. 2000 വർഷം കഴിഞ്ഞിട്ടും അവൾ തിരുവചനത്തിൽ തിളങ്ങി നിൽക്കുന്നു. സുവിശേഷത്തിന്റെ തുടക്കം മുതൽ സ്ത്രീകൾക്ക് പല നിയോഗങ്ങളും ലഭിച്ചിട്ടുണ്ട്. ഒരു വലിയ പ്രസംഗം നടത്തുകയോ പ്രശസ്തമായ ഒരു കാര്യവും രേഖപ്പെടുത്തിയിട്ടില്ലായെങ്കിലും ദമരിസ് ശിഷ്യന്മാരോട് ചേർന്നുനിന്നു എന്ന് കാണുന്നു. എന്നാൽ ലുദിയ കുടുംബത്തോട് ചേർന്ന് നിന്ന് ആതിഥേയ മര്യാദകൾ കാട്ടി, കാരാഗൃഹത്തിൽ കിടന്നവരെ വീട്ടിലെത്തിക്കുവാൻ ധൈര്യം കാണിച്ച ധീരവനിതയാണ്. അത് അവർക്ക് അനുഗ്രഹമായി. അവർ രണ്ടുപേരും രണ്ട് നിലയിൽ കർത്താവിന് വേണ്ടി പ്രയോജനപ്പെട്ടു. ദമരീസിനെപ്പോലെയും ലുദിയയെപ്പോലെയും ഈ കാലഘട്ടത്തിൽ സുവിശേഷത്തിനു വേണ്ടി ധൈര്യത്തോടെ പോരാടുവാനും സുവിശേഷകരോട് ചേർന്നു നിൽക്കുവാനും ദൈവം സഹോദരിമാരെ സഹായിക്കട്ടെ. •

ഭാവം ഉള്ളവരായിട്ടാണ് ജനിച്ചത്. അതുകൊണ്ട് പാപത്തെക്കുറിച്ച് അനുതപിച്ച് മാനസാന്തരപ്പെടണം. കർത്താവിൽ വിശ്വസിച്ച് പാപത്തെ ഏറ്റു പറഞ്ഞുപേക്ഷിക്കണം. യേശു മരിച്ചത് താങ്കൾക്ക് വേണ്ടിയും ആയിരുന്നു എന്ന് ബോധ്യമാകണം. വിശ്വാസമാണ് ഏറ്റവും പ്രധാനം. എന്നാൽ അത് മോക്ഷയാത്രയുടെ ആരംഭം മാത്രമാണ്. തുടർന്ന് യേശുവിന്റെ കൽപ്പന അനുസരിക്കുകയും താൻ കാണിച്ച മാതൃക പിന്തുടർന്ന് ജീവിക്കുകയും വേണം. അത് അത്രയ്ക്ക് എളുപ്പവും അല്ല. എന്നാൽ വിശ്വാസത്തോടും സമർപ്പണത്തോടും കൂടെ ഇറങ്ങിത്തിരിക്കുന്നവരെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് കൂടെയിരുന്ന് സഹായിക്കും. സ്വന്തകഴിവിൽ ഊന്നാതെ ദൈവത്തിൽ ആശ്രയിച്ചു കൊണ്ടുള്ള യാത്രയാകുന്നു ക്രിസ്തീയ ശിഷ്യത്വം.'

കുറെ സമയം ചിന്താമഗ്നനായിരുന്ന പടയാളി പറഞ്ഞു. 'ഈ സത്യം എനിക്ക് പറഞ്ഞു തന്നതിന് നന്ദി . നീ പറഞ്ഞതെല്ലാം പൂർണ്ണമായി മനസ്സിലായിട്ടില്ലെങ്കിലും എന്റെ ഹൃദയത്തിൽ യേശുവിലുള്ള വിശ്വാസം അങ്കുരിച്ചിട്ടുണ്ട്'. യാത്ര പറഞ്ഞ് തമ്മിൽ പിരിയുന്നതിനു മുമ്പ് മന്ദസ്വരത്തിൽ പടയാളി മന്ത്രിച്ചു: 'നീ എന്നെങ്കിലും റോമിൽ വരുന്നുവെങ്കിൽ അവിടെയുള്ള, യേശുവിന്റെ ശിഷ്യന്മാരുടെ ഇടയിൽ എന്നെ അന്വേഷിക്കുക. അവിടെവെച്ച് നമുക്ക് വീണ്ടും കണ്ടുമുട്ടുവാൻ സാധിക്കും എന്ന് ഞാൻ കരുതുന്നു'

അയാൾ പരീശപുത്രനെ ആലിംഗനം ചെയ്തശേഷം തന്റെ വഴിക്ക് പോയി. പടയാളി കാഴ്ചയ്ക്ക് മറയുന്നതുവരെ നോക്കിനിന്ന പരീശപുത്രൻ യേശുവിന്റെ സാക്ഷിയാകുവാൻ കഴിഞ്ഞല്ലോ എന്നോർത്ത് സന്തോഷാധിക്യത്താൽ തന്റെ ലക്ഷ്യത്തിലേക്ക് യാത്രയായി. ഒരാളെ യേശുവിങ്കലേക്കു വഴിനടത്തുവാൻ കഴിഞ്ഞുവല്ലോ എന്നോർത്തപ്പോൾ, അവന്റെ കവിളുകളിലൂടെ ആനന്ദാശ്രുക്കൾ ഒഴുകുന്നുണ്ടായിരുന്നു. •

മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

രാജ്യം അവകാശമാക്കുന്ന ഭക്തർ

മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച്,ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും.രാജാവ് തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു.അതിനു നീതിമാന്മാർ അവനോടു: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു?ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കയോ ചെയ്തു?നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്ന് ഉത്തരം പറയും.രാജാവ് അവരോട്: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്ന് അരുളിച്ചെയ്യും.പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു? പോകുവിൻഎനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല. അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലും ആയിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നില്ല എന്ന് അരുളിച്ചെയ്യും.അതിന് അവർ: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്ന് ഉത്തരം പറയും.അവൻ അവരോട്: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്ക് ആകുന്നു ചെയ്യാഞ്ഞത് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്ന് ഉത്തരം അരുളും. ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും (മത്തായി 25: 31 - 46)

നിനയ്ക്കാത്ത നാഴികയിൽ മടങ്ങിവരുന്ന യേശുകർത്താവിനെ എതിരേൽക്കുവാൻ ഒരുങ്ങി നിൽക്കുക എന്നതാണ് ക്രിസ്തുശിഷ്യന്മാരുടെ കടമ. ഒരുങ്ങിയിരിക്കുന്ന ജീവിതം

എങ്ങനെയുള്ളത് എന്ന് വിശദമാക്കുന്നതാണ് ഉപമയിലെ പാഠങ്ങൾ. കർത്താവ് തന്റെ മഹത്വപ്രത്യക്ഷതയിൽ വിധികർത്താവും രാജാവുമായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. എല്ലാവരും ജീവിതത്തിന്റെ കണക്ക് കൊടുക്കേണ്ടതിന് നീതിയുള്ള ന്യായാധിപതിയുടെ മുമ്പിൽ നിൽക്കണം എന്നത് ബോധപൂർവ്വം ഓർക്കുകയും ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യണം എന്ന മുന്നറിയിപ്പ് ഈ ഉപമയിൽക്കൂടി കർത്താവ് നൽകുന്നു.

മനുഷ്യപുത്രൻ എന്നത് കർത്താവ് സ്വയം എടുത്ത് ടൈറ്റിൽ ആണ്. ദൈവമായിരുന്ന അവിടുന്ന് മനുഷ്യനായി ജനിച്ചു. മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരങ്ങളോടുകൂടിയവനായി (എബ്രായർ 2: 14) നമ്മെ വീണ്ടുകൊള്ളുവാൻ അവിടുന്ന് മനുഷ്യജന്മം എടുക്കേണ്ടത് വളരെ അത്യാവശ്യമായിരുന്നു. അതുകൊണ്ടു ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്തമഹാപുരോഹിതനും ആകേണ്ടതിനു സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു (എബ്രായർ 2:17.) മനുഷ്യപുത്രൻ എന്ന നിലയിൽ രാജാവായി ആയിരം ആണ്ട് ഈ ഭൂമിയിൽ അവിടുന്ന് വാഴും. മനുഷ്യപുത്രൻ എന്ന നിലയിൽ തന്നെയായിരിക്കും അവിടുന്ന് ന്യായവിധി നടത്തുന്നത്. ഇന്ന് അവിടുന്ന് നമ്മുടെ മധ്യസ്ഥൻ (മഹാപുരോഹിതൻ) ആയിരിക്കുന്നതും മനുഷ്യപുത്രൻ എന്ന നിലയിലാണ്. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥൻ മനുഷ്യനായ ക്രിസ്തുയേശു ആണ്(1 തിമോഥെയോസ് 2:5)

കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ അവിടുത്തെ ശക്തിയുള്ള ദൂതന്മാർ ഒപ്പമുണ്ടാകും. ദൂതന്മാരുടെ ആരാധ്യനായ അവിടുന്ന് തന്റെ തേജസ്സിൽ ആണല്ലോ വരുന്നത്. കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനാകും (2 തെസ്സലോനിക്കർ 1:6). കർത്താവിന്റെ വ്രതന്മാരെ, (തെരഞ്ഞെടുക്കപ്പെട്ടവരെ) കൂട്ടിച്ചേർക്കുന്ന ദൗത്യം ദൈവദൂതന്മാർ നിർവഹിക്കുമെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു (മത്തായി24 :31). കൊയ്ത്തിൽ കള ചുടുവാൻ വേണ്ടി പറിച്ചുകൂട്ടുകയും ഗോതമ്പ് കളപ്പുരയിൽ കൂട്ടുകയും ചെയ്യുന്നതുപോലെ (മത്തായി 13:30) സുവിശേഷം അനുസരിച്ചവരെ അനുസരിക്കാത്തവരിൽ നിന്നും വേർതിരിക്കും. ദൈവത്തെ അറിയാത്ത, സുവിശേഷം അനുസരിക്കാത്ത ആളുകൾക്കെതിരെ പ്രതികാരനടപടി ഉണ്ടാകും (2 തെസ്സലോനിക്കർ 1:7). സുവിശേഷമനുസരിച്ചവർക്കും സുവിശേഷത്തിനായി കഷ്ടം സഹിച്ചവർക്കും ആശ്വാസം ലഭിക്കും(2 തെസ്സലോനിക്കർ 1:8). യോഹന്നാൻ സ്നാപകനും ഇതേ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. (മത്തായി 3:12) ഈ ന്യായവിധി ആയിരം ആണ്ട് കർത്താവ് ഭൂമിയിൽ രാജാവായി വാഴുന്നതിനു മുന്നോടിയായിട്ടാണോ അതോ ആയിരം ആണ്ട് വാഴ്ചക്ക് ശേഷം നടക്കുന്ന അന്ത്യന്യായവിധിയാണോ എന്ന് സംശയം ഉണ്ടാകുന്നത് ന്യായമാണ്. എന്നാൽ ന്യായവിധിയുടെ സമയം അല്ല, മറിച്ച് ന്യായവിധിയിൽ രാജാവ് പരിഗണിക്കുന്ന കാര്യം എന്താണെന്നുള്ളതാണ് പ്രധാനം.

ന്യായവിധിക്കായി രാജാവ് തന്റെ വലത്തും ഇടത്തുമായി ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ നീതിമാന്മാരെയും നീതികരണം പ്രാപിക്കാത്തവരെയും വേർതിരിച്ചു നിർത്തും. പാലസ്തീനിൽ ഒരു ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും ഒരുമിച്ച് മേയ്ക്കുവാൻ കൂട്ടിക്കൊണ്ടുപോകുന്നു. വൈകിട്ട് തിരികെയെത്തി അവയെ വേർതിരിച്ച് കൂടിനകത്ത് കയറ്റുന്ന പതിവുണ്ടായിരുന്നു. അതിനോട് താരതമ്യപ്പെടുത്തിയാണ് കർത്താവ് ഇവിടെ സംസാരിക്കുന്നത്.

വലത്തുള്ളവരോട് രാജാവ് അരുളിച്ചെയ്യുന്നു: എന്റെ രാജ്യം... അവകാശമാക്കി കൊള്ളുക. ലോകസ്ഥാപനം മുതൽ ഒരുക്കപ്പെട്ട രാജ്യത്തിന്റെ അവകാശമാണ് കർത്താവ് അവർക്ക് നൽകുന്നത്. ഇത് അവിടുത്തെ നിത്യരാജ്യമാണ്. കർത്താവിനോട് കൂടെ വാഴുന്ന നിത്യതയുടെ അവകാശം തന്നെയാണ് ഇവിടെ വിവക്ഷിക്കുന്നത്. ഈ ദൈവരാജ്യം ആയിരുന്നു കർത്താവിന്റെ ഉപദേശത്തിന്റെ കേന്ദ്രബിന്ദു. ഉയിർത്തെഴുന്നേറ്റ കർത്താവ് 40 ദിവസത്തോളം തന്റെ ശിഷ്യന്മാർക്ക് ദൈവരാജ്യം സംബന്ധിക്കുന്ന കാര്യങ്ങൾ പറഞ്ഞു കൊടുത്തു (അപ്പൊസ്തല പ്രവൃത്തികൾ 1:2). വിശ്വാസത്തിൽ നിലനിന്നു കഷ്ടങ്ങളെ സഹിക്കേണ്ടത് ദൈവരാജ്യത്തിൽ കടക്കുന്നതിന് ആവശ്യമാണ് എന്ന് അപ്പൊസ്തലന്മാർ വിശ്വാസികളെ പഠിപ്പിച്ചു (അപ്പൊസ്തല പ്രവൃത്തികൾ 14 :22) എവിടെയും ദൈവരാജ്യമാണ് പൗലോസും പ്രസംഗിച്ചത്

(അപ്പെസ്തല പ്രവൃത്തികൾ 20 :25) രാജ്യം അവകാശം ആക്കുവാൻ അവരെ യോഗ്യരാക്കിയ വസ്തുതയാണ് കർത്താവ് പ്രാധാന്യം നൽകി നമ്മെ ഓർമ്മിപ്പിക്കുന്നത്. ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപപെട്ടു എന്നതാണ് വലത്തുണ്ടായിരുന്നവരുടെ പ്രത്യേകത (മത്തായി 25:35,36)

യെശയ്യാവ് മുഖാന്തരം അരുളിച്ചെയ്ത വചനത്തിൽ ദൈവം ഇങ്ങനെ വെളിപ്പെടുത്തുന്നു. ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടുകൂടെയും വസിക്കുന്നു(യെശയ്യാവ് 57:15). സ്നേഹമാകുന്ന ദൈവത്തിൽ മനസലിവും കരുണയും ആർദ്രതയും, അതായത് എല്ലാ സത്ഗുണങ്ങളുടെയും പൂർണരൂപമാണ് കാണുവാൻ കഴിയുന്നത്. അതുകൊണ്ട്, തന്നെ അനുഗമിക്കുന്നവർ തന്നെ അനുകരിക്കുകയും, തന്റെ സ്വരൂപത്തോട് പരിശുദ്ധാത്മാവിനാൽ അനുരൂപപ്പെടുകയും ചെയ്യും. താൻ ഒരുക്കിയിരിക്കുന്ന രാജ്യം അവർക്കുള്ളതാണ്.

കർത്താവിന്റെ അനുഗ്രഹവചനങ്ങൾ (പർവത പ്രസംഗം) എല്ലാം ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ട് വളരുവാനുള്ള, ഈ സമൂഹത്തിൽ ക്രിസ്തുവിനെ വെളിപ്പെടുത്തി സാക്ഷികളായി ജീവിക്കുന്നതിനുള്ള മാർഗനിർദേശങ്ങളും കല്പനകളും ആണ്. ക്രിസ്തുവിനെ കർത്താവായി സ്വീകരിച്ചിരിക്കുന്ന നമ്മെ ഓരോരുത്തരെയും കർത്താവ് നിരീക്ഷിക്കുന്നുണ്ട്. പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തുമ്പോൾ അവിടുന്ന് നമ്മെ സൽപ്രവർത്തിക്കായി പ്രാപ്തരാക്കുകയും അതിനുള്ള അവസരങ്ങൾ ഒരുക്കിത്തരുകയും ചെയ്യും. ക്രിസ്തു നമ്മിൽ ജീവിക്കുമ്പോൾ ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ നിറഞ്ഞ് അത് മറ്റുള്ളവരിലേക്കും പകരപ്പെടും. രോഗികളോടും വിശക്കുന്നവരോടും തടവിലാക്കപ്പെട്ടിരിക്കുന്നവരോടും എല്ലാം അനുകമ്പ ഉള്ളവരായി സ്നേഹവും കരുതലും നൽകുമ്പോൾ അത് തനിക്കുവേണ്ടി ചെയ്തതായാണ് കർത്താവ് കാണുന്നത്. കർത്താവിന്റെ സ്നേഹം അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതിനാൽ കർത്താവിനോടുള്ള സ്നേഹം നമ്മിൽ വളരുന്നു. അപ്പോഴാണ് സ്വമേധയാ സത്പ്രവർത്തികൾ നമ്മിൽ നിന്നും ഉണ്ടാകുന്നത്.

സത്പ്രവർത്തികൾ മുഖാന്തരം അല്ല നാം രക്ഷിക്കപ്പെട്ടത്, എന്നാൽ രക്ഷിക്കപ്പെട്ടവർ സത്പ്രവർത്തികൾക്ക് സൃഷ്ടിക്കപ്പെട്ടവരാണ് (എഫെസ്യർ 2:8- 10). രക്ഷിക്കപ്പെട്ടു എന്നതിന്റെ തെളിവ് സഹോദരങ്ങൾ, സഹോദരങ്ങളെ സ്നേഹിക്കുന്നത് ആണല്ലോ (1 യോഹന്നാൻ 3:14). സ്നേഹിക്കുവാൻ കഴിയുമ്പോൾ സത്പ്രവർത്തികൾ സ്വയം ഉണ്ടാകും. രാജാവിന്റെ വലത്തുള്ളവർ ചോദിക്കുന്നത് 'ഞങ്ങൾ എപ്പോൾ നിനക്ക് ഇതെല്ലാം ചെയ്തു' എന്നാണ്. അതിന്റെ അർത്ഥം, അവർ ചെയ്തത് ഒരു ആവശ്യം കണ്ടപ്പോൾ സ്വമേധയാ അവർ പ്രതികരിച്ചതിനാൽ കർത്താവിന്റെ സ്നേഹത്തിൽ നിറഞ്ഞ് ചെയ്തതാണ്. ഇപ്രകാരം ചെയ്യുന്നതിനാണ് കർത്താവ് വില കൽപ്പിക്കുന്നത്. മാനസാന്തരപ്പെട്ടവർ മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തി ചെയ്തു മാനസാന്തരം യഥാർത്ഥമാണെന്ന് തെളിയിക്കുന്നു (അപ്പോസ്തല പ്രവൃത്തികൾ 26:20).

ഇടത്തുള്ളവർ കർത്താവുമായി ബന്ധമുള്ളവർ ആയിരുന്നില്ല. അവർ ജഡികരായി ജീവിച്ചു. സ്വാർത്ഥരും ദുരഭിമാനികളുമായ അവർ അവശരായവരെ അവഗണിച്ചു. രോഗികളെയും നഗ്നരെയും തടവിൽ ആക്കപ്പെട്ടവരെയും അവർ തീർച്ചയായും കണ്ടുമുട്ടിയിട്ടുണ്ട്. എന്നാൽ അവജ്ഞയോടെ അവർക്കെതിരെ അവർ കണ്ണുകൾ അടച്ചു കളഞ്ഞു. മാനസാന്തരപ്പെടാത്തതിനാലും മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തികൾ ഇല്ലാതെ ലോകസുഖകാംക്ഷികളായി ജീവിച്ചതിനാലും രാജ്യം അവർക്ക് നഷ്ടപ്പെട്ടു. അവർ ശിക്ഷാവിധിക്ക് യോഗ്യരാവുകയും നിത്യനരകത്തിന് കൂട്ടാളികൾ ആവുകയും ചെയ്തു. ഒരുക്കമില്ലാത്ത ജീവിതം നയിച്ചതിനാൽ ഉണ്ടായ ദുരന്തം!

ക്രിസ്തുവിനെ നാം കൂടുതൽ അറിഞ്ഞുകൊണ്ടിരിക്കുകയും അവിടുത്തെ സ്നേഹം കൂടുതൽ സ്വീകരിച്ചുകൊണ്ട് ആ സ്നേഹം മറ്റുള്ളവരുമായി പങ്കിട്ട്, എല്ലാവരോടും ആർദ്രതയും മനസ്സിലവും കരുണയും ഉള്ളവരായി ഇടപെട്ട് സഹവർത്തിച്ചാണ് ആത്മീയജീവിതം നയിക്കേണ്ടത്. ക്രിസ്തു വിലമതിക്കുന്ന ജീവിതം അതാണ്. ഞാൻ രക്ഷിക്കപ്പെട്ടു എന്ന് ആത്മഗതം ചെയ്ത് നിസ്സംഗരായി ജീവിച്ചു കൂടാ എന്ന മുന്നറിയിപ്പ് ഈ ഉപമ നമുക്ക് നൽകുന്നു. അത് ഗ്രഹിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. •

അന്ന് എന്നോട് സംസാരിച്ച ആ പിതാവിനെക്കുറിച്ച് പിന്നീട് എനിക്ക് അധികം ഒന്നും അറിയാൻ കഴിഞ്ഞില്ല. എന്നാൽ ഒരുകാര്യം എനിക്ക് അറിയാം: അദ്ദേഹം യേശുവിനെ അറിഞ്ഞവനും അറിയിക്കുന്നവനും ആയിരുന്നു. ലോകപ്രകാരം സാധാരണജീവിതം നയിച്ചിരുന്ന അദ്ദേഹം, ദൈവരാജ്യത്തിന്റെ വിലപ്പെട്ട ഒരു സാക്ഷിയായിരുന്നു. ഏതാനും വർഷങ്ങൾക്ക് മുമ്പ് ഒരു ലഘുലേഖ വായിച്ചതിനെത്തുടർന്ന് യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച അദ്ദേഹം, തന്നെ ഏൽപ്പിച്ച ദൗത്യത്തെക്കുറിച്ച് ബോധ്യമുള്ള ഒരാളായിരുന്നു.

'ഈ ക്രിസ്തുവിനെയാണ് ഞങ്ങൾ പ്രസംഗിക്കുന്നത്; ഓരോരുത്തരെയും ക്രിസ്തുവിൽ പക്വത പ്രാപിച്ചവരാക്കേണ്ടതിന് സകലജ്ഞാനത്തോടുംകൂടെ അവരെ പ്രബോധിപ്പിക്കുകയും ഉപദേശിക്കുകയുമാണ് ചെയ്യുന്നത്. എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന ക്രിസ്തുവിന്റെ ശക്തിക്ക് അനുസൃതമായി പോരാടിക്കൊണ്ട് ഈ ലക്ഷ്യത്തിനുവേണ്ടി ഞാൻ അധ്വാനിക്കുന്നു(കൊലോസ്യർ 1: 28,29) എന്ന അപ്പൊസ്തലന്റെ വാക്കുകൾ നാമും കുറിക്കൊള്ളുകയും അനുസരിക്കുകയും ചെയ്യേണ്ടതാകുന്നു.

നാം എത്ര പഠിച്ചു എന്തെല്ലാം കാര്യങ്ങൾ അറിയുന്നു, എന്തൊക്കെയാണ് കൈവശമുള്ളത് എന്നതിൽ മാത്രം കാര്യമില്ല. നമ്മെ രക്ഷിച്ച കർത്താവിന്റെ സാക്ഷിയായി നാം ജീവിക്കുന്നുണ്ടോ എന്നതാണ് പ്രധാനം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിനെ യഥാർത്ഥമായി അറിയുന്നവരിൽ യേശുവിനെ അറിയിക്കാനുള്ള ആഗ്രഹം വളരുന്നു. ബൈബിൾ കോളേജിലെ പഠനത്തിനുശേഷം എന്റെ കണ്ണു തുറന്ന ഒന്നായിരുന്നു ആ സംഭവം. തന്റെ ശിഷ്യന്മാർക്ക് യേശു നൽകിയ കൽപ്പന ഇതായിരുന്നു: 'നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.' (മർക്കൊസ് 16:15)

തികച്ചും അസാധാരണമായ സാഹചര്യങ്ങളിലൂടെ പോലും ദൈവം തന്റെ ഉദ്ദേശ്യം നിറവേറ്റുന്നു. ദൈവം നമ്മെ തന്റെ സുവിശേഷത്തിന്റെ സാക്ഷികളായി വിവിധ ഇടങ്ങളിലേക്ക് അയയ്ക്കുന്നു എന്നത് ഒരു സത്യമാണ്. യാത്രകളിലും, ജോലിസ്ഥലങ്ങളിലും, ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തുവിന്റെ സ്നേഹവും സത്യവും അറിയിക്കുവാൻ നാം വിളിക്കപ്പെട്ടവരാണ്. അപ്പൊസ്തലനായ പൗലോസ് പറയുന്നു: 'ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല; നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം!' (1 കൊരിന്ത്യർ 9:16)

സുവിശേഷം അറിയിക്കുക എന്നത് ചില പ്രത്യേക ആളുകൾക്കു മാത്രം നൽകിയിരിക്കുന്ന ഒരു ഉത്തരവാദിത്തമല്ല, ക്രിസ്തുവിനെ അറിഞ്ഞ ഓരോ വ്യക്തിയും ദൈവകൃപയുടെ സാക്ഷിയായി മാറേണ്ടതാണ്. വിദ്യാഭ്യാസവും കഴിവുകളും അറിവുകളും എല്ലാം വിലപ്പെട്ടതാണ്; എന്നാൽ അവയെക്കാൾ പ്രധാനമായി, നമ്മുടെ ജീവിതം കർത്താവിന്റെ കയ്യിൽ ഒരു ഉപകരണമാകുന്നുണ്ടോ എന്നതാണ് പ്രധാനം. ചിലപ്പോൾ യാത്രയിലോ യാദൃച്ഛികമെന്നു തോന്നുന്ന ചില കണ്ടുമുട്ടലുകളിലോ അങ്ങനെ ഏതു സാഹചര്യത്തിലും പരിത:സ്ഥിതിയിലും നമ്മെ ഉപയോഗിക്കുവാൻ ദൈവത്തിനു കഴിയും.

'ക്രിസ്തുവിന്റെ പത്രങ്ങളായി' ജീവിക്കുന്നു എങ്കിൽ ക്രിസ്തുവിനെ നമ്മുടെ വാക്കുകളിലൂടെയും ഇടപെടലുകളിലൂടെയും ജീവിതത്തിൽ ആകമാനം പ്രതിഫലിപ്പിക്കുവാൻ കഴിയും, കഴിയണം. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിച്ച് നാം ക്രിസ്തു എന്ന തലയോളം വളരേണ്ടതിനും, രക്ഷകനെ അറിയാത്തവരെ രക്ഷയിലേക്കു നയിക്കേണ്ടതിനുമാണ് കർത്താവ് നമ്മെ വിളിച്ചു വേർതിരിച്ചത്. ഈ രണ്ടു കാര്യങ്ങൾ ഒരു ദൈവപൈതലിന്റെ സുപ്രധാന ഉത്തരവാദിത്തമാണ്. ചഞ്ചലമാനസരോടു കരുണ കാണിക്കുക; ചിലരെ നിത്യാഗ്നിയിൽനിന്നു വലിച്ചെടുത്തു രക്ഷിക്കുക; മറ്റുചിലരോട്, ജീവിതങ്ങളെ മലീമസമാക്കുന്ന അവരുടെ പാപപ്രവൃത്തികളെ വെറുത്തുകൊണ്ട് അത്യധികം ഭയഭക്തിയോടെ സൂക്ഷ്മത പുലർത്തിക്കൊണ്ടു കരുണ കാണിക്കുക എന്ന് യൂദായും പ്രബോധിപ്പിക്കുന്നു. കർത്താവ് നമ്മെ എവിടെ ആക്കിയാലും, അവിടെയെല്ലാം തന്റെ സാക്ഷികളായി ജീവിക്കുവാൻ ഹൃദയപൂർവ്വം നമ്മെ സമർപ്പിക്കാം •

യ്ക്കായി കാത്തിരുന്നുകൊണ്ട് ദൈവസ്നേഹത്തിനു നിങ്ങളെ എത്തിപ്പിടിക്കാവുന്ന പരിധിക്കുള്ളിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുക!' (യൂദാ 1:23) പിന്മാറ്റക്കാരനും കൂറെക്കാലത്തേക്കൊക്കെ ദൈവം പ്രകാശം കൊടുത്തുകൊണ്ടിരിക്കും. എന്നാൽ എല്ലാത്തിനും ഒരു പരിധിയുണ്ട്. അതു കഴിയുമ്പോൾ അവന്റെയുള്ളിൽ കത്തിക്കൊണ്ടിരുന്ന ആത്മാവിന്റെ സൂര്യൻ കെട്ടുപോകും..

അതിനർത്ഥം ദൈവം അവനെ പൂർണ്ണമായി തള്ളിക്കളഞ്ഞുവെന്നല്ല! ഒരുപക്ഷെ യാക്കോബ് അങ്ങനെയായിരിക്കണം ചിന്തിച്ചത്... താൻ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു എന്നായിരുന്നു അവന്റെ ചിന്ത! അവന്റെ സഹോദരൻ അവനെ കൊല്ലുമെന്നു പറഞ്ഞു (ഉല്പത്തി. 27: 41). അവന്റെ അമ്മ അവനോട് എനിക്ക് നിന്നെ സംരക്ഷിക്കാൻ കഴിയില്ല; 'ഓടിക്കൊള്ളുക'എന്നു പറഞ്ഞു (ഉല്പത്തി 27:43). പദ്ദൻ അരാമിലേക്കു പോകാൻ അപ്പൻ തന്നെ അവന് ആജ്ഞ കൊടുത്തു. ഇനി ആരാണ് തന്റെ സംരക്ഷണത്തിനുള്ളത്? അബ്രഹാമിനു ദൈവം നല്കിയ അതിശ്രേഷ്ഠ അനുഗ്രഹം തന്റെ അവകാശമാണെന്ന് അവന്റെ ആത്മാവിൽ എപ്പോഴും ഒരു പ്രകാശനമുണ്ടായിരുന്നു...ഇപ്പോഴിതാ, ആ പ്രകാശവും കെട്ടുപോയിരിക്കുന്നു! അവനു ദൈവ സാന്നിധ്യബോധവും നഷ്ടപ്പെട്ടിരിക്കുന്നു... സൂര്യൻ അണഞ്ഞുപോയിരിക്കുന്നു!

എല്ലാം നഷ്ടപ്പെട്ടുവെന്ന ചിന്തയോടെ നിരാശനായി അവൻ സ്ഥലത്തെ കല്ലുകളിൽ ഒന്ന് എടുത്ത് തലയിണയായിവെച്ച് കിടന്നുറങ്ങി (ഉല്പത്തി 28:11) എന്നാൽ ദൈവം യാക്കോബിനെ തള്ളിക്കളഞ്ഞില്ല. ഒരു തുറന്ന സ്വർഗ്ഗത്തിന്റെ ദർശനം ദൈവം യാക്കോബിനു നല്കുകയാണ് (ഉല്പത്തി 28:12). കർത്താവു പറഞ്ഞു: 'യാക്കോബേ, ഇതാ ഞാൻ നിന്നോടു കൂടെയുണ്ട്...ഞാൻ നിന്നെ കൈവിട്ടിട്ടുമൊന്നുമില്ല.... എന്നാൽ ഒരു കാര്യം നീ ഓർക്കണം. ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു (ഉല്പത്തി28:13) ഇതുവരെയുള്ള ഇടപെടലുകൾ നിന്റെ പിതാക്കന്മാരുടെ പേരിലാണ്. ഇനി ബന്ധം തുടരണമെങ്കിൽ ഞാൻ 'നിന്റെ ദൈവം' ആകണം... എന്നെ നീ നിന്റെ ദൈവമാക്കുമോ?

എന്താണ് 'യഹോവയെ ദൈവമാക്കുക' എന്നാൽ? ദൈവം അബ്രഹാമിനെ വിളിച്ചു, അനുഗ്രഹിച്ചു (ഉല്പത്തി 12:1). വിളിച്ചപ്പോൾ ദൈവം അബ്രഹാമിനോട് 'ഞാൻ നിന്റെ ദൈവം' എന്നു പറഞ്ഞില്ല... എന്നാൽ, 'തനിക്കു പ്രത്യക്ഷനായ യഹോവയ്ക്ക് അവൻ ഒരു യാഗപീഠം പണിതു' (ഉല്പത്തി 12:7). അപ്പോൾ മുതലാണ് യഹോവ ഞാൻ അബ്രഹാമിന്റെ ദൈവമാണ് എന്നു പറയുന്നത് (ഉല്പത്തി 15:1). ദൈവം യിസ്ഹാക്കിനു പ്രത്യക്ഷനാകുന്നത് 'ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവമാകുന്നു' (ഉല്പത്തി 26:24) എന്നു പറഞ്ഞുകൊണ്ടാണ്... യിസഹാക്കിന്റെ ദൈവമാകണമെങ്കിൽ അവൻ വ്യക്തിപരമായി ഒരു യാഗപീഠം പണിത് യഹോവയെ അവന്റെ ദൈവമാക്കണം- യിസഹാക്ക് അങ്ങനെ ചെയ്തു (ഉല്പത്തി 26:25). ഇവിടെ ദൈവം യാക്കോബിനു പ്രത്യക്ഷനാകുന്നു. 'ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവുമായ യഹോവയാകുന്നു' എന്നു പറഞ്ഞു.... (ഉല്പത്തി 28:13). ഇനി യാക്കോബ് യാഗപീഠം പണിയണം! എന്നാൽ അതുണ്ടായില്ല... പകരം,'അവൻ അതികാലത്ത് എഴുന്നേറ്റ് തലയിണയായി വെച്ചിരുന്ന കല്ല് എടുത്ത് തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു!'(ഉല്പത്തി 28:18).

ഇതു യാഗാർപ്പണമല്ല... ഇത് ഒരു ജാതീയ ആചാരം! നേർച്ച! യാഗമർപ്പിക്കുകയെന്നാൽ സമ്പൂർണ്ണ സമർപ്പണമാണ്- സ്വയം യാഗമാവുക! ഉടമസ്ഥാവകാശം ദൈവത്തിനു കൊടുക്കുക! എന്നാൽ നേർച്ച ഒരു 'ബിസിനസ് ഡീൽ' ആണ് 'നീ അതു ചെയ്താൽ ഞാൻ ഇതുചെയ്യാം' എന്നു പറയുന്നതാണു നേർച്ച! അപ്പോഴാണ് അവൻ പറയുന്നത്: ദൈവം എന്നോടു കൂടെ ഇരിക്കുകയും ഞാൻ പോകുന്ന ഈ വഴിയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്കു തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ... യഹോവ എനിക്കു ദൈവമായിരിക്കും!' (ഉല്പത്തി 28:20,21). പിന്നെ, അത് എനിക്ക് സൗജന്യമായൊന്നും തരേണ്ട...'നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്ക് ദശാംശം തരും!'(ഉല്പത്തി 28:22). ദൈവം ചെയ്യുന്നതിന് ദൈവത്തിനു കൂലി ദശാംശം? മുഴുവനും തരുന്നത് ദൈവമല്ലേ? ദശാംശം തിരിച്ചുകൊടുക്കുന്നതിൽ എന്തു മഹിമ?

അതാണ് യാക്കോബിന്റെ മതം! ഞാൻ എന്റെ

കൗമാര കൊലയാളി സംഘം

വിഫോണും ബൈക്കും വാങ്ങുക എന്ന ലക്ഷ്യത്തോടെ മുത്തച്ഛനെ കൊന്നത് 13 വയസ്സുള്ള കൊച്ചുമകളും ആൺസുഹൃത്തുക്കളും ആണെന്നുള്ളതു വാർത്താമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. വീട്ടിലെ സാഹചര്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ പെൺകുട്ടി പൊലീസിന് മുന്നിൽ പൊട്ടിക്കരഞ്ഞു. കുട്ടിക്കാലം മുതലേ അച്ഛനും അമ്മയും സ്വരച്ചേർച്ചയിലായിരുന്നില്ലെന്നും അവർ വിവാഹമോചിതരായിരുന്നതിനാലും കുട്ടി തകർന്ന പശ്ചാത്തലത്തിൽ വളർന്നതുമാണ് പ്രധാന വില്ലൻ. അമ്മയുടെ പരിഗണനയും ലഭിച്ചിട്ടില്ലെന്നാണ് കുട്ടി പൊലീസിനോട് പറഞ്ഞത്. കുറ്റകൃത്യത്തിൽ പങ്കാളികളായ മറ്റ് മൂന്നുപേരും വീട്ടിൽ കാര്യമായ നിയന്ത്രണങ്ങൾ ഇല്ലാതെ, മത്സരികളായി വളർന്നവരാണെന്ന് പോലീസ് കണ്ടെത്തി. കുറ്റകൃത്യത്തിൽ നേരിട്ട് പങ്കാളികളായ മൂന്നുപേരെ ജുവനൈൽജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കി. പ്രതികളെല്ലാം 18 വയസ്സിൽ താഴെയുള്ളവരാണ്. പെൺകുട്ടി അടക്കം പ്രതികളെല്ലാം അക്ഷോഭ്യരായാണ് പൊലീസിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകിയതെന്നാണ് സൂചന. തെളിവുകൾ നിരത്തിയുള്ള ചോദ്യം ചെയ്യലിലാണ് പ്രതികൾ പതറിയത്. പ്രായപൂർത്തിയാകാത്തവരാണെങ്കിലും, ഗുരുതര കുറ്റകൃത്യം നടത്തിയാൽ, മുതിർന്നവരുടെ വിചാരണനടപടികൾക്ക് വിധേയരാക്കാമെന്ന പ്രൊവിഷൻ, പ്രതികൾക്കെതിരെ ഉപയോഗിക്കുന്നതും പൊലീസ് ആലോചിക്കുന്നുണ്ട്.

ഭീകരവും ഗുരുതരവുമായ ഈ പ്രതിഭാസം ക്യാൻസർവ്യാധി പോലെ സമൂഹത്തിലെ വിവിധ ശ്രേണികളിൽ പിടിമുറുക്കിയിരിക്കുന്നു. വിശ്വാസസമൂഹത്തിൽപ്പോലും ഇത് ചെറിയതോതിലാണെങ്കിലും നുഴഞ്ഞുകയറിയിട്ടുണ്ട്. ക്രമീകൃതമായ നിലയിൽ സ്നേഹവും കരുതലും ലാളനയും കിട്ടാതെ വളരുന്ന പശ്ചാത്തലം, കുഞ്ഞുങ്ങളെ കൊടുംക്രൂരാക്കി മാറ്റുന്നതിന് മാതാപിതാക്കളും സമൂഹവും മാത്രമാണ് ഉത്തരവാദികൾ. മാതാപിതാക്കളും സഭയും സമൂഹവും അധികാരികളും അണിചേർന്ന് തികഞ്ഞ ഏകോപനത്തോടെ ഈ തിന്മക്കെതിരെ പോരാടേണ്ട സമയം ഇതു തന്നെയാണ്. യുദ്ധകാല അടിസ്ഥാനത്തിൽ ഒന്നിച്ചണിചേർന്ന് സ്നേഹവും കരുതലും പകർന്ന് ഉത്തമരായി വളരുവാനുള്ള പശ്ചാത്തലം ഒരുക്കുകയാണ് പ്രതിവിധി.

▶ സ്നേഹത്തിൽ നിന്നുളവാകുന്ന യാഗം

വഴിയേ പോകും.. ദൈവം എന്നെ കാത്തോണം! കാത്താൽ മാത്രം പോരാ, ദൈവം എനിക്ക് തന്നോണം! കാത്തോണം, (keep me, give me)...) പകരം ഞാൻ ദശാംശം തന്നോളാം... അല്ലാതെ 'യാഗമർപ്പിക്കണം' 'മുഴുവനായി കൊടുക്കണം' ദൈവത്തിന്റെ വഴിയേ പോകണം, സ്വഭാവം മാറ്റണം എന്നൊന്നും പറഞ്ഞേക്കരുത്... ദശാംശം തന്നോളാം... അതിൽ കൂടുതലൊന്നും ചോദിച്ചേക്കരുത്... ഇതല്ലേ, ആധുനിക ആത്മീയത?

ദൈവദർശനമുണ്ടായപ്പോൾ യാക്കോബ് 'ഭയപ്പെട്ട്' എന്നതിന് 'ധാർമ്മികമായി ഭയപ്പെട്ടു' എന്ന അർത്ഥമുണ്ട്. അതായത്, യാക്കോബ് ദൈവത്തിന്റെ മുമ്പിൽ നിൽക്കാൻ ധാർമ്മികമായി പേടിച്ചു... 'ഞാൻ നിന്നോടുകൂടെയിരിക്കും' എന്നത് അവന് ആശ്വാസവചനമായല്ല, ഭീതിയായാണ് അനുഭവപ്പെട്ടത്... എന്നാൽ ആ ഭീതി അവൻ മടങ്ങിവരവിനു വേണ്ടിയല്ല; പ്രത്യുത, നേർച്ച കഴിച്ച് പ്രസാദിപ്പിക്കാനാണ് ഉപയോഗിക്കുന്നത്! യാഗമർപ്പിച്ചാൽ അവൻ ദൈവത്തിന്റെ വകയായിത്തീരുകയാണ്. പിന്നെ അവൻ ദൈവത്തിന്റെ നിയന്ത്രണത്തിൻ കീഴാണ്. പിന്നെ അവന് സ്വന്തവഴിയെ പോകാൻ കഴിയില്ല... അവന് ദൈവത്തിന്റെ വഴിയേ പോകേണ്ടിവരും... നേർച്ച യാകുമ്പോൾ സ്വഭാവമാറ്റം ആവശ്യമില്ല... സ്വന്തവഴിയെ പോകാം... ദൈവം കാത്തോളും തന്നോളും... ദശാംശം കൊടുത്താൽ മതി!

പ്രിയമുള്ളവരെ, **ഭയത്തിൽ നിന്നാണു നേർച്ച യുണ്ടാകുന്നത്. സ്നേഹത്തിൽ നിന്നുണ്ടാകുന്നത് യാഗമാണ്!** നമ്മെയും നമുക്കുള്ളതെല്ലാറ്റിനേയും ദൈവത്തിനു കൊടുത്ത് ദൈവത്തിന്റെ സ്വന്തമാകുന്നതാണ് യാഗം... പിന്നെ നാം ദൈവത്തെ നമ്മുടെ വഴിയിലേക്ക് പിടിച്ചു വലിക്കുകയില്ല... ദൈവത്തിന്റെ കരം പിടിച്ച് ദൈവം നടത്തുന്ന വഴിയേ നാം നടക്കും...അതാണ് യഥാർത്ഥ ആത്മീയത. •

കഷ്ടതയിലെ ദൈവീക കരുതൽ

തീപ്പൊരി ഉയരെപ്പറക്കും പോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു എന്നാണ് വിശുദ്ധ വേദപുസ്തകത്തിലെ ഏറ്റവും പഴക്കമുള്ളതായി കരുതപ്പെടുന്ന ഇയ്യോബിന്റെ പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. ശരിയായ അർത്ഥത്തിൽ ഈ വാക്യം മനസ്സിലാക്കിയാൽ അത് ഇപ്രകാരമാണ്: 'എങ്കിലും തീപ്പൊരി പറന്നുയരുന്നതുപോലെ മനുഷ്യർ കുഴപ്പത്തിലേക്ക് (trouble) ജനിക്കുന്നു' (ഇയ്യോബ് 5: 7). പ്രതിസന്ധികളും കുഴപ്പങ്ങളും എല്ലാം, മനുഷ്യരുടെ കൂടപ്പിറപ്പാണെന്ന് വ്യക്തം. എന്നാൽ ക്രിസ്തുവിശ്വാസികളുടെ ജീവിതത്തിൽ ഇപ്രകാരമുള്ള കുഴപ്പങ്ങൾക്കൊപ്പം പോക്കുവഴിയും ദൈവം ഒരുക്കും എന്നതാണ് ബൈബിൾ പഠിപ്പിക്കുന്ന സത്യം (1 കൊരിന്ത്യർ 10:13). അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏതൊരു കുഴപ്പത്തിലും ഉള്ള വരെ സർവ്വ ആശ്വാസങ്ങളുടെയും ദൈവം ആശ്വസിപ്പിച്ച് വഴി നടത്തുന്ന ദൈവീക കരുതലാണ് (2 കൊരിന്ത്യർ 1:4)!

സുവിശേഷത്തിനു വേണ്ടി നാം സഹിക്കുന്ന, പീഡനങ്ങളിലും കള്ളക്കേസുകളിലും തടവറയിലും എല്ലാം, നമ്മുടെ അന്തരംഗത്തിലേറ്റ മാനസിക മുറിവുകൾ ആ സ്വാന്തന സ്പർശം വെളിപ്പെടുന്നു! അതുകൊണ്ട് റോമിലെ കാരാഗൃഹത്തിലും പാട്ടുപാടി സ്തുതിച്ച്, ക്രിസ്തുവിൽ സന്തോഷം അനുഭവിക്കാൻ അപ്പൊസ്തോലനായ പൗലോസിന് സാധിച്ചു.

സിംഹക്കുഴിയിൽ ആ കരുതലിൻ കരം ആസ്വദിച്ച വ്യക്തിയായിരുന്നു ദാനിയേൽ. അതുപോലെ തീജ്വാലയ്ക്ക് നടുവിൽ ദൈവപുത്രനെ ദർശിച്ചതായിരുന്നു ശദ്രക്ക്, മേശേക്ക്, അബേദ്നഗോവ് എന്നിവരുടെ വിശ്വാസജീവിതത്തിലെ ദൈവിക പദ്ധതി! വിശ്വാസവീരന്മാരുടെ അധ്യായമായ എബ്രായർ 11 ൽ പരിശുദ്ധാത്മാവ് ഇങ്ങനെ രേഖപ്പെടുത്തി: 'വിശ്വാസം വഴി അവർ രാജ്യങ്ങൾ ആക്രമിച്ചു, നീതി നടപ്പിലാക്കി, വാഗ്ദാനങ്ങൾ പ്രാപിച്ചു, സിംഹങ്ങളുടെ വായ് പൂട്ടി, കത്തിക്കാളുന്ന തീ കെടുത്തി, ...'

ഉവ്വ്, വിശ്വാസത്തിന്റെ അത്ഭുതരേഖ രചിച്ചവരൊക്കെ ഇവ്വണ്ണം കരുതലിന്റെ സന്തോഷം കണ്ടെത്തി ദൈവത്തെ സ്തുതിച്ചുപാടുന്ന ഗായകക്കൂട്ടമായിരിക്കും.

-എംസി

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 350 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ.
മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

NERVEEDHI SEPTEMBER 2026
RNI No. KERMAL/2012/46138 . Date of Publishing 10.09.2026 . Annual Subscription Rs.350/-

ആർ. പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ

കഷ്ടതകളില്ലാത്ത ജീവിതമല്ല ജയജീവിതം, മറിച്ച് കഷ്ടങ്ങളെ ജയിക്കുന്ന ജീവിതമായിരിക്കും! ജനിച്ചിട്ടൊരിക്കലും വെടിമുട്ടറിഞ്ഞിട്ടില്ലാത്ത ഒരുവന്റെ മുഖത്തെ പ്രസന്നതയെക്കാൾ എത്രയോ മടങ്ങായിരിക്കും പ്രതിസന്ധികളെ അതിജീവിച്ച് വിജയിച്ചുവരുന്നവന്റെ മുഖത്തെ തേജസ്സ്. ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ടെങ്കിലും ധൈര്യപ്പെടുവിൻ എന്ന് കഷ്ടങ്ങളെ ജയിച്ച കർത്താവ് നമ്മോടാവശ്യപ്പെടുന്നു. ഒരു ജയജീവിതത്തിനായി നമ്മെ ഒരുക്കുവാൻ ദൈവവചനത്തിലെ പഠിപ്പിക്കലുകൾ ദൈവാശ്രയത്തോടും തികഞ്ഞ വൈദഗ്ദ്ധ്യത്തോടും വസ്തുനിഷ്ഠമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഉത്തമ പഠനഗ്രന്ഥമാണ്

ഇപ്പോൾ ലഭ്യമാണ്



Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Ph:8589819293, 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.